**(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)**

**നം.കെ.എസ്.എ-ഐ.ഡി.കെ-10/938/2019**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ – 685 584
ഫോൺ : 04862-227332
*ഇ-മെയിൽ : doidk.ksad@kerala.gov.in*

തീയതി. 11.12.2019

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ്**

വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ

**വിഷയം :- വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്**

******************************************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **വെള്ളിയാമറ്റം** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ **ഭാഗം 1, 3** ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച് തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23. 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ കാണുക).

വിശ്വസ്തതയോടെ

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**

**പകർപ്പ് :**

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് , തിരുവനന്തപുരം(ഇ-മെയിൽ മുഖാന്തിരം).

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി-തൊടുപുഴ.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ-ഐ.ഡി.കെ-10/938/2019 തീയതി : 11.12.2019

**ഇടുക്കി ജില്ലയിലെ വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

****************************************

ഇടുക്കി ജില്ലയിലെ **വെള്ളിയാമറ്റം** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് **23.10.2018** മുതൽ **22.09.2019** തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. **12** അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ **6** എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

| | |
|---|---|
| **ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ** | ശ്രീമതി. ബേബി സനൂജ, ഡെപ്യൂട്ടി ഡയറക്ടർ |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | 23.09.2019 മുതൽ 30.09.2019 വരെ |
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ** | ശ്രീ. ടി. എസ്. ധനജയൻ, ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. മരുൺ മാത്യു, അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഇ. വി. ജിബി, അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ബെന്നി മാത്യു, സീനി. ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. മായ കൃഷ്ണൻ, ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| **പ്രസിഡന്റ്** | ശ്രീമതി.ഷീബ രാജശേഖരൻ | 01.04.2018 മുതൽ 31.03.2019 വരെ |
| **സെക്രട്ടറി** | ശ്രീ. പി. എം. അബ്ദുൾ സമദ് | 01.04.2018 മുതൽ 31.03.2019 വരെ |
| **കൃഷി ഓഫീസർ** | ശ്രീമതി. അശ്വതീദേവ് | 01.04.2018 മുതൽ 31.03.2019 വരെ |
| **വെറ്റിനറി സർജൻ** | ഡോ. രാഹുൽ എസ്. | 01.04.2018 മുതൽ 31.08.2018 വരെ |
| | ഡോ. ജിംസി ജോസഫ് | 01.09.2018 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.)** | ഡോ. മിഥുൻ കെ. എക്സ്. | 01.04.2018 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ(ആയുർവേദം)** | ഡോ. നിഷാമോൾ എം. | 01.04.2018 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ(ഹോമിയോ)** | ഡോ. ഹേമ തിലക് | 01.04.2018 മുതൽ 18.06.2018 വരെ |
| | ഡോ. രമ്യ എം. സി. | 19.06.2018 മുതൽ 09.07.2018 വരെ |
| | ഡോ. ലക്ഷ്മി പി. | 10.07.2018 മുതൽ 24.07.2018 വരെ |
| | ഡോ. അന്ന വിജയൻ | 25.07.2018 മുതൽ 05.10.2018 വരെ |
| | ഡോ. സ്മിത ആർ. മേനോൻ | 06.10.2018 മുതൽ 03.11.2018 വരെ |
| | ഡോ. രേഷ്മാ ദത്ത് | 04.11.2018 മുതൽ 31.03.2019 വരെ |
| **ഹെഡ് മാസ്റ്റർ** | ശ്രീമതി. മേരി തോമസ് | 01.04.2018 മുതൽ 05.06.2018 വരെ |
| | ശ്രീ. ജോയി പി. | 06.06.2018 മുതൽ 31.03.2019 വരെ |
| **ക്ഷീര വികസന ഓഫീസർ** | ശ്രീ. സുധീഷ് എം. പി. | 01.04.2018 മുതൽ 31.03.2019 വരെ |
| **അസി. എഞ്ചിനീയർ** | ശ്രീ. സുദീപ് എ. എസ്. | 01.04.2018 മുതൽ 19.06.2018 വരെ |
| | ശ്രീ. സത്യദാസ് എസ്. | 20.06.2018 മുതൽ 05.07.2018 വരെ |
| | ശ്രീമതി. ബിന്ദു ടി. ടി. | 06.07.2018 മുതൽ 08.10.2018 വരെ |

| | | |
|---|---|---|
| | ശ്രീമതി. സബിത ബീഗം | 09.10.2018 മുതൽ 22.10.2018 വരെ |
| | ശ്രീ. അനീഷ് സത്യൻ | 23.10.2018 മുതൽ 07.11.2018വരെ |
| | ശ്രീ. ആദർശ് പി. ആർ. | 08.11.2018 മുതൽ 31.03.2019വരെ |
| **വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ-1** | ശ്രീ. ശരത് സി. എം. | 01.04.2018 മുതൽ 31.03.2019 വരെ |
| **വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ-2** | ശ്രീ. പ്രശോഭ് പി. | 01.04.2018 മുതൽ 08.05.2018 വരെ |
| | ശ്രീ. പ്രവീൺ ഡി. എൽ. | 09.05.2018 മുതൽ 03.09.2018വരെ |
| | ശ്രീമതി. സരിത ഇബ്രാഹീം | 04.09.2018 മുതൽ 04.02.2019 വരെ |
| | ശ്രീ. അബ്ദുൾ അഫ്സർ | 05.02.2019 മുതൽ 31.03.2019 വരെ |
| **ഐ.സി.ഡി.എസ്. സൂപ്പർവൈസർ** | ശ്രീമതി. ജാനറ്റ് എം. സേവ്യർ | 01.04.2018 മുതൽ 01.08.2018 വരെ |
| | ശ്രീമതി. റോസമ്മ സി. സി. | 2.08.2018 മുതൽ 31.10.2018 വരെ |
| | ശ്രീമതി. അലീന ജോർജ്ജ് | 01.11 2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഖണ്ഡിക നം. | ഖണ്ഡികകൾ |
|---|---|---|
| | | **ഭാഗം – 1 (പൊതുഅവലോകനം)** |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |

| | | |
|---|---|---|
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തര സംവിധാനം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷിക കണക്കുകളിലെ അപാകതകൾ |
| 12 | 1-12 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ |
| 13 | 1-13 | വസ്തു നികുതി - അപാകതകൾ |
| 14 | 1-14 | ഒരേ ബാങ്കിന്റെ വിവിധ ബ്രാഞ്ചുകളിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് |
| 15 | 1-15 | ഡി. & ഒ. ലൈസൻസ് – അപാകതകൾ |
| 16 | 1-16 | ഇലക്ട്രിക്കൽ ജോലികൾ അപാകതകൾ |
| 17 | 1-17 | കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കുന്നില്ല |
| 18 | 1-18 | രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല |
| 19 | 1-19 | വർക്കേഴ്സ് വെൽഫെയർ ഫണ്ട് - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല. |
| 20 | 1-20 | എച്ച്.എം.സി. വാർഷിക കണക്കുകൾ പരിശോധനക്കായി സമർപ്പിച്ചിട്ടില്ല |
| 21 | 1-21 | ആസ്തി രജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിക്കുന്നില്ല |
| 22 | 1-22 | ഇ-ടെണ്ടർ - ടെണ്ടർ ഫോറം വില ലഭ്യമായിട്ടില്ല |
| 23 | 1-23 | ടെണ്ടർ തുറന്നതിന് ശേഷം അധിക മാനദണ്ഡമുൾപ്പെടുത്തി കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തെ ഒഴിവാക്കി |
| 24 | 1-24 | പ്രിന്റിംഗ് ചാർജ് – ടെണ്ടർ ക്ഷണിച്ചില്ല |
| 25 | 1-25 | തെരുവ് വിളക്കുകളുടെ പരിപാലനം |
| 26 | 1-26 | വെള്ളക്കരം - സംബന്ധിച്ച് |
| 27 | 1-27 | പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക ഈടാക്കിയിട്ടില്ല |
| 28 | 1-28 | മൂല്യ വർദ്ധനം ഡ്രയർ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ |
| 29 | 1-29 | പദ്ധതി രൂപികരിക്കാതെ തനത് ഫണ്ടിൽ നിന്നും വാങ്ങലുകൾ നടത്തിയത് |

| | | |
|---|---|---|
| 30 | 1-30 | പ്രയർ പിരീഡ് ഇനത്തിൽ ഉൾപ്പെടുത്തി വാടക ഒഴിവാക്കിയിരിക്കുന്നു |
| 31 | 1-31 | പൂമാല-ഞണ്ടിറുക്കി മിനി ജലവൈദ്യുത പദ്ധതി - ലക്ഷ്യം കൈവരിച്ചിട്ടില്ല. |
| 32 | 1-32 | മാന്വൽ രസീത് തുകകൾ സഞ്ചയയിൽ രേഖപ്പെടുത്തുന്നതിലെ അപാകതകൾ |
| 33 | 1-33 | വിവിധോദ്ദേശ ഗ്രാന്റുകൾ ചെലവഴിച്ചില്ല |
| 34 | 1-34 | അംഗൻവാടികളുടെ നിർമ്മാണം – പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല |
| 35 | 1-35 | ലൈഫ് പദ്ധതി അവലോകനം |
| | | **ഭാഗം – 2 (വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ)** |
| | | **- ഇല്ല -** |
| | | **ഭാഗം – 3 (ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ)** |
| 36 | 3-1 | ഇലക്ട്രിക്കൽ ജോലികൾ അപാകതകൾ |
| | | **ഭാഗം – 4 (പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും)** |
| 37 | 4-1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 38 | 4-2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 39 | 4-3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 40 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 41 | 4-5 | വായ്പ/വായ്പ തിരിച്ചടവ് |
| 42 | 4-6 | സ്ഥിര നിക്ഷേപം |
| 43 | 4-7 | ഓഡിറ്റ് റിക്കവറി |
| 44 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 45 | 4-9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം |
| 46 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 47 | 4-11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 48 | **അനുബന്ധം** 1, 2 | ഓഡിറ്റ് സാക്ഷ്യപത്രം |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

21.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 30.01.2019 തീയതിയിലെ 21-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഇത് പ്രകാരം ആകെ വരവ് (പ്രാരംഭ ബാക്കി ഒഴികെ ₹14,90,99,114/-യും ആകെ ചെലവ് ₹15,45,97,479/-യും നീക്കിയിരിപ്പ് ₹82,00,510/-യും ആണ്. എന്നാൽ സ്ഥാപനത്തിന്റെ യഥാർത്ഥ വരവ് ₹8,53,62,274/-യും ചെലവ് ₹6,87,87,789/-യും ആണ്. ബജറ്റ് പ്രകാരമുള്ള വരവ്-ചെലവുകൾ യഥാർത്ഥ വരവ്-ചെലവുമായി വലിയ അന്തരം ഉണ്ട്. 2019 ജനവരി മാസത്തിൽ തയ്യാറാക്കിയ പുതുക്കിയ ബജറ്റിൽ പോലും ഇത്തരം വലിയ അന്തരം ഉണ്ടായിരിക്കുന്നത് ഗൌരവമായി കാണേണ്ടതാണ്. തുടർ വർഷങ്ങളിൽ ബജറ്റ് തയ്യാറാക്കുമ്പോൾ കൂടുതൽ സൂക്ഷ്മത പുലർത്തേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 06.05.2019 | - | - |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹1,52,35,864 |
| വരവ് | ₹8,53,62,274 |
| ആകെ | ₹10,05,98,138 |
| ചെലവ് | ₹6,87,87,789 |
| നീക്കിയിരിപ്പ് | ₹3,18,10,349 |

### 1-4 ഫണ്ട് വിനിയോഗം

| | | മുൻബാക്കി ₹ | തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|
| **വികസന ഫണ്ട് -** ജനറൽ **(ACR പ്രകാരം)** | | 0 | 15297000 | 15297000 | 15297000 | 0 |
| **വികസന ഫണ്ട് –** എസ്.സി.പി **(ACR പ്രകാരം)** | | 0 | 2682000 | 2682000 | 2682000 | 0 |
| **വികസന ഫണ്ട് –** ടി.എസ്.പി **(ACR പ്രകാരം)** | | 0 | 11332000 | 11332000 | 11332000 | 0 |
| **മെയിന്റനൻസ് -** റോഡ് **(ACR പ്രകാരം)** | | 0 | 4139000 | 4139000 | 1288567 | 2850433 |
| **മെയിന്റനൻസ് -** നോൺ-റോഡ് **(ACR പ്രകാരം)** | | 0 | 3081000 | 3081000 | 2817779 | 263221 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് **(ACR പ്രകാരം)** | | 0 | 7100000 | 7100000 | 7100000 | 0 |
| സാക്ഷരത | | 443 | 123604 | 124047 | 123589 | 458 |
| **എം.ജി. എൻ.ആർ. ഇ.ജി.എസ്** | തൊഴിലാളികളുടെ കൂലി | 0 | 25800048 | 25800048 | 25800048 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 8007 | 28098702 | 28106709 | 28003615 | 103094 |
| **കേന്ദ്രാവിഷ്കൃത ഫണ്ടുകൾ** | | | | | | |
| ഐ.സി.ഡി.എസ്. | | 1526717 | 718225 | 2244942 | 1073828 | 1171114 |
| **സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ** | | | | | | |
| ശുചിത്വ മിഷൻ | | 250000 | 2179232 | 2429232 | 375202 | 2054030 |

| | | | | | | |
|---|---|---|---|---|---|---|
| കോർപ്പസ് ഫണ്ട് | | 4050000 | 0 | 4050000 | 0 | 4050000 |
| വെസ്റ്റേൺ ഗാട്ട് | | 11342 | 378 | 11720 | 0 | 11720 |
| **രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി** | | 11820 | 0 | 11820 | 0 | 11820 |
| **കലുങ്ക് നിർമ്മാണ പദ്ധതി**–എസ്.റ്റി. | | 4450000 | 0 | 4450000 | 0 | 4450000 |
| ജലനിധി | | 1378066 | 582446 | 1960512 | 338998 | 1621514 |
| **ജോയിന്റ് വെഞ്ചർ അക്കൗണ്ട്** | ബ്ലോക്ക്പഞ്ചായത്ത് | 590788 | 3063668 | 3654456 | 2603648 | 1050808 |
| | ജില്ലാപഞ്ചായത്ത് | 71261 | 2034680 | 2105941 | 2033972 | 71969 |
| ബി-ഫണ്ട് | | 0 | 468590 | 468590 | 468590 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 8773093 | 8773093 | 8773093 | 0 |
| **തനത് ഫണ്ട്** | ബാങ്ക് അക്കൗണ്ട് | 2071705 | 3602823 | 8374528 | 4452012 | 3922516 |
| | ട്രഷറി അക്കൗണ്ട് | 1302457 | 24436017 | 25738474 | 12928509 | 12809965 |
| വിമുക്തി | | 3240 | 25000 | 28240 | 21185 | 7055 |
| പ്രളയ ദുരിതാശ്വാസസഹായം | | 0 | 325000 | 325000 | 300000 | 25000 |
| പ്രളയ ദുരിതാശ്വാസ സംഭാവന | | 0 | 65030 | 65030 | 65030 | 0 |
| **കോർപ്പസ് ഫണ്ട്** - ഐ.റ്റി.ഡി.പി. | | 1077000 | 0 | 1077000 | 0 | 1077000 |

വിവിധോദ്ദേശങ്ങൾക്കായി ലഭിച്ചിട്ടുള്ളതും ചെലവഴിക്കുവാൻ അവശേഷിക്കുന്നതുമായ തുകകൾ തനത് ഫണ്ട് ബാങ്ക്/ട്രഷറി അക്കൗണ്ടുകളിലാണ് നിക്ഷേപിച്ചിരിക്കുന്നത്. തൊഴിലുറപ്പ് പദ്ധതിയുടെ രജിസ്റ്റർ പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 193 | 95353705 | 134 | 51357963 | 0 | 59 | 69.43 |

**പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ**

| ക്രമ നം. | പ്രോജക്ട് | അടങ്കൽ തുക ₹ |
|---|---|---|
| 1 | S0039/39<br>സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് | 50000 |
| 2 | S0116/116 ഗ്രാമീണ വൈദ്യുതീകരണം<br>(എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കൽ) | 600000 |
| 3 | S0126/19<br>ഘടക സ്ഥാപനങ്ങളിൽ ഇ-ഗവേണൻസ് നടപ്പാക്കൽ | 275000 |
| 4 | S0158/19<br>സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് | 43115 |

**നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണ ചെലവിന്റെ വിശദാംശങ്ങൾ**

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | അടങ്കൽ ₹ | നടപ്പാക്കിയവ (എണ്ണം) | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 6 | 1223538 | 5 | 835388 | 68.28 |
| 2 | വെറ്ററിനറി സർജൻ | 6 | 6640000 | 6 | 3771118 | 56.79 |
| 3 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 4 | 1400000 | 4 | 1267044 | 90.50 |
| 4 | മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 220000 | 2 | 220000 | 100 |
| 5 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 3 | 975000 | 3 | 950000 | 97.44 |
| 6 | വില്ലേജ്എക്സ്റ്റെൻഷൻ ഓഫീസർ | 25 | 40684227 | 7 | 14123433 | 34.71 |

| | | | | | | |
|---|---|---|---|---|---|---|
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 14 | 6146624 | 10 | 4802567 | 78 |
| 8 | ഡയറിഎക്സ്റ്റൻഷൻ ഓഫീസർ | 2 | 1748000 | 2 | 1748000 | 100 |
| 9 | സെക്രട്ടറി | 29 | 8657007 | 22 | 6991737 | 80.76 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 8007 | 28098702 | 28106709 | 28003615 | 103094 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 25800048 | 25800048 | 25800048 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 121200 | 76 |
| കർഷക തൊഴിലാളി പെൻഷൻ | 2032800 | 151 |
| വിധവ പെൻഷൻ | 7574200 | 624 |
| വാർദ്ധക്യകാല പെൻഷൻ | 22363100 | 1838 |
| വികലാംഗ പെൻഷൻ | 3460900 | 275 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.09.2019ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹25,599/- ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര സംവിധാനം

| | |
|---|---|
| 1. | ഫ്രണ്ട് ഓഫീസ് പ്രവർത്തനം തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ട്. |
| 2. | സകർമ്മ സോഫ്റ്റ് വെയറിൽ പ്രസിഡണ്ടിന് പ്രിവിലേജ് നൽകിയിട്ടുണ്ടെങ്കിലും ഉപയോഗിക്കുന്നില്ല. |
| 3. | സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തുനികുതി ഇനത്തിലുള്ള പഞ്ചായത്തിന്റെ യഥാർത്ഥ ഡിമാന്റ് കളക്ഷൻ ബാലൻസുകൾ പ്രതിഫലിക്കുന്നില്ല. |
| 4. | ലൈഫ് പദ്ധതിക്ക് വേണ്ടി ലഭിച്ച വായ്പയുടെ വിവരം കൃത്യമായി എഴുതിസൂക്ഷിച്ചിട്ടുണ്ട്. വായ്പ തുക, തൻവർഷ വരവ്, തിരിച്ചടവ്, തിരിച്ചടക്കാൻ അവശേഷിക്കുന്ന തുക എന്നിവയുടെ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. |
| 5. | ഗ്രാമപഞ്ചായത്തിൽ ജീവനക്കാരുടെ ജോലി വിഭജനം നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ആയത് പ്രകാരം ജോലി നിർവ്വഹണം നടത്തുന്നുണ്ടോയെന്ന നിരീക്ഷണം ഉത്തരവാദിത്തപ്പെട്ട മേലുദ്യോഗസ്ഥരിൽ നിന്നും ഉണ്ടാവുന്നില്ല. |
| 6. | സെക്രട്ടറിമാരുടെ സ്ഥലംമാറ്റ സമയത്ത് സ്റ്റോക്ക് കൈമാറൽ നടത്തിവരുന്നില്ല. |
| 7. | നിർവ്വഹണ ഉദ്യോഗസ്ഥർ TR-7A ക്യാഷ് ബുക്ക് പരിപാലിക്കുന്നില്ല. |
| 8. | ടെണ്ടർ നടപടികളിൽ അപാകതകൾ ഉള്ളതായി കാണുന്നു. ടെണ്ടർ ഫോറങ്ങളിൽ രേഖപ്പെടുത്തുന്ന നിരക്കുകൾ വെട്ടിത്തിരുത്ത് വരുത്തുന്നതായും അക്ഷരങ്ങളിൽ നിരക്ക് രേഖപ്പെടുത്താത്തതായും ഓഫീസ് ഉപയോഗത്തിനുള്ള ഭാഗം പൂരിപ്പിക്കാത്തതായും കാണുന്നു. |
| 9. | ഗ്രാമപഞ്ചായത്തിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകൾ കുറ്റമറ്റതായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. |
| 10. | ഇലക്ട്രിക്കൽ പ്രവർത്തികളുടെ നിർവ്വഹണത്തിൽ വേണ്ടത്ര അവധാനത പുലർത്തുന്നില്ല. |
| 11. | പദ്ധതി നിർവ്വഹണത്തിൽ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിൽ സുതാര്യത പുലർത്തുന്നില്ല. മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതികൾ നടപ്പാക്കുന്നതായി കാണുന്നു. |
| 12. | കെട്ടിട നിർമ്മാണ പെർമ്മിറ്റ്, റഗുലറൈസേഷൻ രജിസ്റ്ററുകളിൽ കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തുകയോ പൂർത്തീകരിയ്ക്കുകയോ ചെയ്ത് സൂക്ഷിയ്ക്കുന്നില്ല. |

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.08.2019 & 21.08.2019 | 2019 മെയ്, ജൂൺ, ജൂലൈ | 21.08.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.08.2012 | 2007-08 മുതൽ 2011-12 വരെ | വിവരം ലഭ്യമല്ല |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രികയുടെ പരിശോധനാ സാക്ഷ്യപത്രത്തിൽ ഉൾപ്പെടുത്തിയിരുന്ന അപാകതകളിൽ 2019-20 സാമ്പത്തിക വർഷം പരിഹരിച്ചതൊഴികെയുള്ളവ ചുവടെ ചേർക്കുന്നു.

1) ആർജ്ജിച്ച ആസ്തികളുടെ മൂല്യം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല.

2) നിക്ഷേപ പ്രവൃത്തി ഇനത്തിൽ പൊതുമരാമത്ത് വകുപ്പിന് നല്കിയ ₹9,30,000/-യും ഭൂജല വകുപ്പിന് നല്കിയ ₹89,440/-യും Advance to implementing agencies എന്ന ശീർഷകത്തിലാണ് ഉൾപ്പെടുത്തേണ്ടത്. എന്നാൽ ഇതുവരെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത പ്രസ്തുത പദ്ധതികൾ, പൂർണമായി തുക ചെലവഴിച്ചെന്ന രീതിയിൽ ആസ്തിയായി കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

3) തൊഴിലുറപ്പ് പദ്ധതിയുടെ രജിസ്റ്റർ പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

**എ) തൊഴിലുറപ്പ് പദ്ധതി – സ്ഥാപനത്തിലെ വരവ്-ചെലവ് രജിസ്റ്റർ പ്രകാരമുള്ള തുക**

| | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | 0 | 25800048 | 25800048 | 25800048 | 0 |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 8007 | 28098702 | 28106709 | 28003615 | 103094 |

**ബി) വാർഷിക കണക്ക് പ്രകാരമുള്ള വരവ്-ചെലവ് കണക്ക്**

| | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | 0 | 28004065 | 28004065 | 27760155 | 0 |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 8007 | 2299104 | 2307111 | 1604360 | 103094 |

**കുറിപ്പ് – വാർഷിക കണക്കിൽ വരവും ചെലവും തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്നു.**

## 1-12 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

പഞ്ചായത്തിലെ 2018-19 വർഷത്തെ രസീത് പരിശോധനയിൽ താഴെ സൂചിപ്പിക്കുന്ന അപാകതകൾ കാണുന്നു.

| | |
|---|---|
| 1. | എണ്ണൽ സാക്ഷ്യപത്രം രേഖപ്പെടുത്താതെ രസീത് ബുക്കുകൾ വിതരണം ചെയ്യുന്നു (ബുക്ക് നം. 7879, 45517). |
| 2. | തൻവർഷം ഉപയോഗിച്ച ശേഷം ബാക്കിയുള്ള രസീതുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥർ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല. |
| 3. | ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കാതെ കൃഷി ഓഫീസിലെ മാന്വൽ രസീത് ബുക്കുകൾ എഴുതിയിരിക്കുന്നു. |
| 4. | വസ്തു നികുതി പിരിവ് നടത്തിയപ്പേൾ മാന്വൽ രസീത് ബുക്കുകളിൽ വളരെയധികം വെട്ടിത്തിരുത്തലുകൾ വരുത്തിയിരിക്കുന്നു. |
| 5. | സാംഖ്യ രസീതുകൾ ഫ്രണ്ട് ഓഫീസ് ആവശ്യത്തിനായി വിതരണം ചെയ്യുന്നത് 21-12-2018 മുതൽ കൃത്യമായി സ്റ്റോക്ക്/വിതരണ രജിസ്റ്ററിൽ ചേർത്തിട്ടില്ല. |

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ പ്രകാരം ഉണ്ടാകാൻ പാടില്ലാത്ത മേൽ അപാകതൾ ഭാവിയിൽ ആവർത്തിക്കാതിരിയ്ക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-13 വസ്തു നികതി - അപാകതകൾ

**1. വസ്തു നികതി സഞ്ചയ-സാംഖ്യ തമ്മിലുള്ള വ്യത്യാസം**

വസ്തു നികുതി സഞ്ചയ-സാംഖ്യ തമ്മിലുള്ള വ്യത്യാസം താഴെ സൂചിപ്പിക്കുന്നു. സഞ്ചയ-യിലും സാംഖ്യ-യിലും തുകകൾ വ്യത്യസ്തമായതിന് വിശദീകരണം നൽകേണ്ടതാണ്.

| വസ്തു നികതി | സഞ്ചയ ₹ | | | സാംഖ്യ ₹ | | |
|---|---|---|---|---|---|---|
| | ഡിമാൻറ് | കളക്ഷൻ | ബാലൻസ് | ഡിമാൻറ് | കളക്ഷൻ | ബാലൻസ് |
| പാർപ്പിടം(തൻവർഷം) | 1046787 | 1008161 | 2001 | 1046787 | 1100036 | - |

| | | | | | | |
|---|---|---|---|---|---|---|
| പാർപ്പിടം(കുടിശ്ശിക) | 117111 | 127554 | 840 | - | 117447 | - |
| പാർപ്പിടേതരം(തൻവർഷം) | 756235 | 732954 | 1526 | 568397 | 596815 | - |
| പാർപ്പിടേതരം(കുടിശ്ശിക) | 78305 | 85650 | 186 | - | 76066 | - |

2. കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ) 2011 പ്രകാരം സർക്കാരിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഹയർ സെക്കന്ററി തലം വരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ കെട്ടിട നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ താഴെ സൂചിപ്പിക്കുന്ന സർക്കാർ അംഗീകാരമില്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും നാളിതുവരെ വസ്തു നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വാർഡ്/കെട്ടിട നമ്പർ/ഉടമസ്ഥൻ |
|---|---|
| 1 | 1/374<br>മദർ സുപ്പീരിയർ, അഡോറേഷൻ കോൺവെന്റ് (സ്കൂൾ) |
| 2 | 2/454-എ<br>പ്രൊവിഷണൽ സുപ്പീരിയർ, വിമല പബ്ലിക് സ്കൂൾ |

ടി സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

### 1-14 ഒരേ ബാങ്കിന്റെ വിവിധ ബ്രാഞ്ചുകളിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത്

നം.46915/എൽ-2/97/തീ. 27-11-98/ത.ഭ.വ. സെക്രട്ടറി എസ്.ബി.ടി. ജനറൽ മാനേജർക്ക് അയച്ച കത്ത് പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ഒരു ബാങ്കിന്റെ ഒന്നിലധികം ബ്രാഞ്ചുകൾ പ്രത്യേകം തൊഴിൽ നികുതി ഒടുക്കേണ്ടതാണ്. എന്നാൽ വെള്ളിയാമറ്റം സർവ്വീസ് സഹകരണ ബാങ്കിന്റെ പന്നിമറ്റം ശാഖ സ്ഥാപന തൊഴിൽ നികുതി അടവാക്കിയെങ്കിലും വെള്ളിയാമറ്റം, ഇളംദേശം ശാഖകൾ 2018-19ൽ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി-3ന് പ്രസ്തുത ബ്രാഞ്ചുകളിലെ തൊഴിൽ നികുതി അടവാക്കുന്നതിന് ടി സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭിച്ചു. ടി സ്ഥാപനങ്ങളിലെ 2018-19ലെ രണ്ട് അർദ്ധ വർഷങ്ങളിലെയും സ്ഥാപന തൊഴിൽ നികുതി അടിയന്തിരമായി ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## 1-15 ഡി. & ഒ. ലൈസൻസ് - അപാകതകൾ

**വസ്തു നികുതി -** സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം പഞ്ചായത്ത് പരിധിയിൽ 694 വാണിജ്യ കെട്ടിടങ്ങളുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 162 സ്ഥാപനങ്ങളുള്ളതിൽ 124 സ്ഥാപനങ്ങൾ മാത്രമാണ് ഡി.ആന്റ് ഒ. ലൈസൻസ് രജിസ്റ്റർ പ്രകാരം 2018-19 വർഷം ലൈസൻസ് എടുത്തിട്ടുള്ളത്/പുതുക്കിയിട്ടുള്ളത്. ഒന്നിൽ കൂടുതൽ മുറികളോ കെട്ടിടങ്ങളോ ഒരു സ്ഥാപനത്തിന്റെ ഭാഗമായി ഉപയോഗിച്ചേക്കാമെന്ന സാദ്ധ്യതയുണ്ടെങ്കിലും 17% സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് ലഭ്യമാക്കിയിട്ടുള്ളത്.

മുൻ വർഷങ്ങളിലുൾപ്പടെ ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണം താഴെ സൂചിപ്പിക്കുന്നു.

| ക്രമ നമ്പർ | വർഷം | ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ |
|---|---|---|
| 1 | 2014-15 | 141 |
| 2 | 2015-16 | 128 |
| 3 | 2016-17 | 154 |
| 4 | 2017-18 | 167 |
| 5 | 2018-19 | 124 |

ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണത്തിൽ വർഷാവർഷം വർദ്ധന ഉണ്ടാകുന്നതിന് പകരം ക്രമപ്രകാരമല്ലാത്ത ഏറ്റക്കുറച്ചിൽ വന്നിരിക്കുന്നു. കൃത്യമായ ഫീൽഡ് പരിശോധനയുടെ അഭാവവും ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ ഇക്കാര്യത്തിലുള്ള വിട്ടുവീഴ്ച മനോഭാവവുമാണ് ഇതിന് നിദാനമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

വാണിജ്യ സ്ഥാപനങ്ങൾ കൂടുതലായുള്ള 1, 2, 4, 14 തുടങ്ങിയ വാർഡുകളിൽ അപേക്ഷകളുടെ എണ്ണം വളരെ കുറവ് ആണെന്ന് കാണുന്നു. ടി വാർഡുകളിൽ പ്രത്യേകമായി ഫീൽഡ് പരിശോധനകൾ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും വാണിജ്യ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി അടിയന്തിരമായി ലൈസൻസ് എടുപ്പിക്കേണ്ടതുമാണ്. ഭരണ സമിതിയുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിലേയ്ക്ക് ക്ഷണിക്കുന്നു. പഞ്ചായത്തിൽ ഫാം എന്ന ഗണത്തിൽ വസ്തു നികുതി അടവാക്കുന്ന 46 സ്ഥാപനങ്ങൾ ഉണ്ടെങ്കിലും 12 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്.

വിറ്റ് വരവ്/മൂലധന നിക്ഷേപം പ്രകാരമാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ പഞ്ചായത്തിലെ

ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ ഇവ രേഖപ്പെടുത്തുന്നില്ല. അപൂർണ്ണങ്ങളായ അപേക്ഷകളിന്മേലാണ് ലൈസൻസ് അനുവദിക്കുന്നത്. താമസിച്ച് സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ ലൈസൻസ് ഫീസിന്റെ 25% അധിക ഫീസ് ഈടാക്കാമെന്നിരിക്കെ താമസിച്ച് സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ അധിക ഫീസ് ഈടാക്കുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി-1ന് മറുപടിയായി അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ കൈക്കൊള്ളും എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകതൾ പരിഹരിച്ച് പഞ്ചായത്തിന്റെ തനത് വരുമാന വർദ്ധന ഉറപ്പ് വരുത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 ഇലക്ട്രിക്കൽ ജോലികൾ അപാകതകൾ.

തൻവർഷം പഞ്ചായത്ത് നടപ്പാക്കിയ ഇലക്ട്രിക്കൽ പ്രവർത്തികൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

സ.ഉ.(ആർ.ടി)നമ്പർ 2878/2015/തസ്വഭവ. പ്രകാരം ഇലക്ട്രിക്കൽ ജോലികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, മേൽനോട്ടം നടത്തുക, അളവെടുക്കുക, ബിൽ തയ്യാറാക്കുക എന്നീ ജോലികൾക്കായി ജില്ല അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കുന്ന സമിതിയിൽ നിന്ന് ഒരു അസി. എഞ്ചിനീയറുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടതിന് ശേഷം മാത്രമാണ് ഇത്തരം ജോലികൾ ചെയ്യുന്നതിനായി ഇവരെ ചുമതലപ്പെടുത്തേണ്ടത്. എന്നാൽ ഇത്തരത്തിലുള്ള കരാർ തയ്യാറാക്കാതെയാണ് ജോലികൾ നടത്തിയിരിക്കുന്നത്. കൂടാതെ സാങ്കേതികാനുമതി നൽകുന്നതിനുള്ള പരിശോധന നടത്തുക, ചെക്ക്മെഷർ ചെയ്യുക എന്നീ ജോലികൾ നടത്തുന്നതിനും ഇത്തരത്തിലുള്ള സമിതി രൂപീകരിച്ചിട്ടുണ്ട്. ഇവരിൽ നിന്ന് ടേംസ് ഓഫ് റഫറൻസ് നൽകി സമ്മതപത്രം വാങ്ങേണ്ടതാണ്. ആയതും തയ്യാറാക്കിയിട്ടില്ല. മേൽ ഉത്തരവ് പ്രകാരം ബില്ല് തയ്യാറാക്കേണ്ടത് കരാർ അടിസ്ഥാനത്തിലുള്ള അസി. എഞ്ചിനീയർ ആണെങ്കിലും ഇത്തരം ബില്ല് തയ്യാറാക്കിയത് പഞ്ചായത്തിൽ നിന്നാണ്.

തൻവർഷം പഞ്ചായത്ത് നടപ്പാക്കിയ എല്ലാ ഇലക്ട്രിക്കൽ പ്രവർത്തികളിലും ടെണ്ടർ കുറവ് പരിഗണിക്കാതെ ബിൽ തയ്യാറാക്കിയതിനാൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. കാര്യമായ നഷ്ടം സംഭവിച്ചവയുടെ വിവരം മാത്രം താഴെ ചേർക്കുന്നു.

#### 1. പൂച്ചപ്ര ഗവ. എൽ.പി. സ്കൂൾ മെയിന്റനൻസ്.

സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതിയിൽ 14.12% കുറവ് രേഖപ്പെടുത്തിയ ടെണ്ടർ അംഗീകരിച്ചിട്ടുണ്ടെങ്കിലും ബിൽ തയ്യാറാക്കിയപ്പോൾ ടെണ്ടർ കുറവ് പരിഗണിക്കാത്തതിനാൽ ₹3,853/- കരാറുകാരന് അധികമായി നൽകിയിട്ടുണ്ട്.

കൂടാതെ പഞ്ചായത്ത് തൻവർഷങ്ങളിൽ നടപ്പാക്കിയിരിക്കുന്ന പ്രവൃത്തികളിലെല്ലാം തന്നെ ടെണ്ടർ കുറവ് പരിഗണിക്കാതെ അളവ് മൂല്യം എടുത്തതിനാൽ പഞ്ചായത്തിന് ചെറിയ അളവിലുള്ള തുകകൾ വീതം നഷ്ടം

സംഭവിച്ചിരിക്കുന്നു. ജില്ലാതലത്തിൽ നിയോഗിച്ചിരിക്കുന്ന സമിതിയിലെ അംഗങ്ങൾ കർത്തവ്യ നിർവ്വഹണത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്താത്തതുമൂലമാണ് ഇത്തരത്തിൽ നഷ്ടം സംഭവിക്കുന്നത് പഞ്ചായത്ത് തൻവർഷം നടത്തിയ ഇലക്ട്രിക്കൽ പ്രവർത്തികൾ സംബന്ധിച്ച് വിശദമായ അന്വേഷണം ആവശ്യമാണ്.

**2. ഗ്രാമീണ വൈദ്യുതീകരണം – അധിക തുക നൽകി**

വിവിധ വാർഡുകളിലായി 7 മിനി ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| **നിർവ്വഹണം** | സെക്രട്ടറി |
| **പ്രോജക്ട് നം.** | 190/18, 157/19 |
| **ബിൽ നം./തുക** | 9/17.05.18 ₹9,98,222/- |
| **അളവ് ബുക്ക് നം.** | 10/2017-18 |

29 ഇനങ്ങൾ ഉൾപ്പെട്ടിരുന്ന ഈ പദ്ധതി ഇ-ടെണ്ടർ മുഖേനയാണ് നടപ്പാക്കിയത്. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കെ. എ. ഷാജഹാൻ റിസാഫ് ലൈറ്റിംഗ് സൊല്യൂഷൻസ്, ഇടവെട്ടി, തൊടുപുഴ ആണ് പദ്ധതിയുടെ കരാർ ഏറ്റെടുത്ത് നടപ്പാക്കിയത്. ഇനം ക്രമത്തിൽ നിരക്കുകൾ രേഖപ്പെടുത്തിയ ടെണ്ടർ പ്രകാരമുള്ള ആകെ തുക ₹9,59,761/-യാണ്. മേൽ ബില്ല് പ്രകാരം പിൻവലിച്ച ₹9,98,222/-യിൽ ₹9,59,761/- കരാറുകാരനും എസ്റ്റിമേറ്റ് തയ്യാറാക്കുക മേൽനോട്ടം, അളവ് തയ്യാറാക്കുക, ചെക്ക് മെഷർ ചെയ്യുക എന്നീ ജോലികൾക്ക് എഞ്ചിനീയറിംഗ് ഫീസായി ₹38,461/- യും നൽകിയിരിക്കുന്നു.

പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

***എ) ചെയ്യാത്ത പ്രവർത്തിക്കായി തുക അനുവദിച്ചിരിക്കുന്നു***

എസ്റ്റിമേറ്റിലെ ക്രമനം. 28 പ്രകാരമുള്ള ഇനം - supply and providing Twin dome Aviation and Obstruction light LED type - എന്നതാണ്. 7 ഹൈമാസ്റ്റ് ലൈറ്റുകൾക്കും പ്രസ്തുത ലൈറ്റ് സ്ഥാപിക്കേണ്ടതുണ്ട്. അളവ് ബുക്ക് പ്രകാരം പ്രസ്തുത ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നേരിട്ട് നടത്തിയ പ്രാദേശിക പരിശോധനയിൽ പ്രസ്തുത ലൈറ്റുകൾ സ്ഥാപിച്ചിട്ടില്ല എന്ന് വ്യക്തമാകുന്നു. പ്രാദേശികമായി നടത്തിയ അന്വേഷണത്തിലും പ്രസ്തുത ലൈറ്റുകൾ സ്ഥാപിച്ചിട്ടില്ലായിരുന്നു എന്ന് ബോദ്ധ്യപ്പെട്ടു. 8 മീറ്റർ മാത്രം ഉയരമുള്ള ഹൈമാസ്റ്റ് ലൈറ്റുകൾക്ക് പ്രസ്തുത ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിന്റെ ആവശ്യകത വ്യക്തമല്ല. ആവശ്യമില്ലാത്ത ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയും ചെയ്യാത്ത ഇനങ്ങൾ അളവ് ബുക്കിൽ ഉൾപ്പെടുത്തുകയും ചെയ്യാനിടയായത് ശരിയായ രീതിയിൽ പരിശോധന നടത്താത്തതുമൂലമാണ്. എസ്റ്റിമേറ്റ് തയ്യാറാക്കുക മേൽനോട്ടം, അളവ് എടുക്കുക, ചെക്ക് മെഷർ ചെയ്യുക എന്നീ ജോലികൾ നടത്തുന്ന DLTCE അംഗങ്ങളായ എഞ്ചിനീയർമാർ ഇക്കാര്യത്തിൽ ഗുരുതരമായ വീഴ്ചയാണ് വരുത്തിയിരിക്കുന്നത്. പഞ്ചായത്ത് ചെയ്യാത്ത ഈ ഇനത്തിന് വേണ്ടി

₹33,985/- കരാറുകാരന് അധികമായി നൽകിയിരിക്കുന്നു.

***ബി) കെ.എസ്.ഇ.ബി.-യിൽ പണം ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കാതെ തന്നെ തുക അനുവദിച്ചിരിക്കുന്നു***

എസ്റ്റിമേറ്റിലെ ഇനം 28 Amount to be deposit with KSEB for availing service connection(actual amount will be reimbursed on production of original document) ആണ്. ഇതിനായി ₹6,950/- വകയിരുത്തിയിരുന്നു. കെ.എസ്.ഇ.ബി.-യിൽ തുക ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് മാത്രം രേഖകളുടെ അടിസ്ഥാനത്തിലുള്ള തുക അളവ് ബുക്കിൽ ഉൾപ്പെടുത്തുന്നതിന് പകരം എസ്റ്റിമേറ്റ് പ്രകാരമുള്ള തുക പൂർണ്ണമായി അളവ് ബുക്കിൽ ഉൾപ്പടുത്തിയിരിക്കുന്നു. കെ.എസ്.ഇ.ബി.-യിൽ എത്ര തുക ഒടുക്കി എന്ന വിവരം ലഭ്യമല്ല എങ്കിലും ₹61,950/- അനുവദിച്ചിരിക്കുന്നതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച ₹61,950/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് റോഡ് വികസന പ്രവർത്തനങ്ങൾക്കായി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെയാണ്. 29-03-2017ലെ ജി.ഒ.(എം.എസ്)72/201/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ ഖണ്ഡിക 12.10(1) പ്രകാരം പഞ്ചായത്ത് റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ രൂപീകരിക്കേണ്ടത് പഞ്ചായത്ത് തൻ വർഷം പൊതുമരാമത്ത് മേഖലയിൽ നടപ്പിലാക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള റോഡ് പ്രവർത്തികളിൽ സമഗ്രമായ പദ്ധതികൾ തയ്യാറാക്കാതെ ചെറിയ ചെയിനേജിലുള്ള ധാരാളം പ്രവർത്തികൾ നടപ്പിലാക്കുന്നത് മൂലം ഫണ്ട് വിനിയോഗം ഫലപ്രദമാകുന്നില്ല. കണക്ടിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിലല്ല പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. ഇത്തരത്തിൽ കണക്ടിവിറ്റി മാപ്പില്ലാതെയും വ്യക്തമായ ചെയിനേജ് ഇല്ലാതെയും പദ്ധതി നടപ്പാക്കുന്നത് പ്രവർത്തി നടത്തിപ്പിൽ വ്യക്തത ഇല്ലാതിരിക്കുന്നതിനും പ്രവർത്തികളിൽ ഇരട്ടിപ്പ് ഉണ്ടാകുന്നതിനും പാഴ്ചെലവുണ്ടാകുന്നതിനും സാഹചര്യം ഉണ്ടാക്കുന്നു. കൂടാതെ കൃത്യമായ കണക്ടിവിറ്റിയില്ലാതെ സമഗ്ര പദ്ധതികൾ തയ്യാറാക്കാതെ ചെറിയ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിയിരിക്കുന്നു.

## 1-18 രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഇ-7/11350/2015/സി.ഇ/തസ്വഭവ. തീയതി.19.01.2017 സർക്കുലർ പ്രകാരം മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് അസി. എഞ്ചിനീയർ തയ്യാറാക്കി സൂക്ഷിക്കേണ്ട താഴെപ്പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

1. റോഡ് രജിസ്റ്റർ.

2. ദർഘാസ് ഫോറ രജിസ്റ്റർ.

3. അടങ്കൽ അനുമതി രജിസ്റ്റർ.

4. ഇ.എം.ഡി. രജിസ്റ്റർ.

5. കരാറുകാരുടെ രജിസ്ട്രേഷൻ രജിസ്റ്റർ.

6. വെൽഫയർ ഫണ്ട് രജിസ്റ്റർ.

7. പ്രോജക്റ്റ് രജിസ്റ്റർ.

8. എസ്റ്റിമേറ്റ് രജിസ്റ്റർ.

ടി രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

### 1-19 വർക്കേഴ്സ് വെൽഫെയർ ഫണ്ട് - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല

1996ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം മരാമത്ത് പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തിൽ അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നായി നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം അടവാക്കിയതിന്റെ 1% കളക്ഷൻ ചാർജായി ഈടാക്കാത്തത് മൂലം ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. കളക്ഷൻ ചാർജ്ജ് ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് .

### 1-20 എച്ച്.എം.സി. വാർഷിക കണക്കുകൾ പരിശോധനക്കായി സമർപ്പിച്ചിട്ടില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപെട്ടതാണ്. വകുപ്പ് 173(എ), 2010ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം 3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതു ആരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31-നകം). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ആശുപത്രികളിൽ (പി.എച്ച്.സി., എൻ.ആർ.എച്ച്.എം., ഹോമിയോ, ആയുർവ്വേദം) മാനേജിംഗ് കമ്മിറ്റികൾ

വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിന് കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൌണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്കായി സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

## 1-21 ആസ്തി രജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിക്കുന്നില്ല

13.01.2010ലെ സർക്കുലർ നമ്പർ 58608/ഡി.ബി.-2/2009/ത.സ്വ.ഭ.വ. പ്രകാരം ആസ്തി രജിസ്റ്ററുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ടതെങ്ങനെയെന്ന് വ്യക്തമായി നിർദ്ദേശിക്കുന്നു. ആസ്തികളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും ഫണ്ട് അനുവദിയ്ക്കുന്നതും ആസ്തി രജിസ്റ്ററിൽ നിന്നുള്ള വിവരങ്ങളെ അടിസ്ഥാനമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് ഡബിൾ എൻട്രി സിസ്റ്റത്തിലേയ്ക്ക് മാറിയപ്പോൾ ആസ്തികളുടെ മൂല്യം കണക്കാക്കി വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കി രേഖപ്പെടുത്തേണ്ടതാണ്. ആസ്തികളുടെ വിവരങ്ങൾ നാല് രജിസ്റ്ററുകളിലായി പത്ത് ഫോറങ്ങളിൽ യഥാക്രമം ഭൂമി, കെട്ടിടങ്ങൾ, റോഡുകൾ, ലെയ്യകൾ, കലുങ്കുകൾ, പാലങ്ങൾ, കുടിവെള്ളം, ജലസേചനം, വൈദ്യുതി, മാലിന്യസംസ്കരണം, ജംഗമ വസ്തുക്കളുടെ വിവരണം, എന്നിങ്ങനെ രേഖപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഇവ സൂക്ഷിച്ചിരിയ്ക്കുന്നത് സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിച്ചല്ല എന്ന് വ്യക്തമാണ്. ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ അപൂർണ്ണവുമാണ്. പുതിയതായി ആർജ്ജിച്ചതോ കൈയ്യൊഴിഞ്ഞതോ ആയ ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്ററുകൾ കാലികമാക്കി സർക്കാർ സർക്കുലറിൽ പറഞ്ഞ പ്രകാരമുള്ള ഫാറങ്ങൾ സൂക്ഷിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 ഇ-ടെണ്ടർ-ടെണ്ടർ ഫോറം വില ലഭ്യമായിട്ടില്ല

GO(MS)No.318/2013/LSGD/28-09-2013 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ **5 ലക്ഷം** രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫോറം വില സ്വീകരിക്കുന്നതിനായി പുതിയ സീറോ ബാലൻസ് അക്കൗണ്ട് തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്. മേൽ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറ വില ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രെഡിറ്റ് ചെയ്യുന്നത്. ആയത് പ്രകാരം, ഗ്രാമപഞ്ചായത്ത് 2018-19 വർഷത്തിൽ ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വില രൂപ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തത് ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കി ഗ്രാമപഞ്ചായത്ത് തനത്

ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. മുൻ വർഷങ്ങളിലും ഈ ഇനത്തിൽ ലഭിക്കുവാനുള്ള തുക ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-23 ടെണ്ടർ തുറന്നതിന് ശേഷം അധിക മാനദണ്ഡം ഉൾപ്പെടുത്തി കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തെ ഒഴിവാക്കി

| | | |
|---|---|---|
| **പ്രോജക്ട്** | S0098/19, പി.വി.സി. വാട്ടർ ടാങ്ക്(ടി.എസ്.പി.) | |
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | വി.ഇ.ഒ., വെള്ളിയാമറ്റം | |
| **അടങ്കൽ** | ₹30,00,00/- | ₹2,25,000/- (വികസന ഫണ്ട്) |
| | | ₹75,000/- (ഗുണഭോക്തൃ വിഹിതം) |
| **ബിൽ നം./ ചെക്ക് നം./ തീയതി/തുക** | 28/2018-19/21-03-2019, ₹1,04,400/- | |
| | ഗുണഭോക്തൃ വിഹിതം ₹57,275/ | |
| | ചെക്ക് നം. 1128/14.03.2019 ₹34,800/- | |
| | ചെക്ക് നം. 1149/26.03.2019 ₹22,475/- | |
| | **ആകെ** **₹57,275/-** | |

പട്ടിക വർഗ്ഗത്തിൽപെട്ട 100 ഗുണഭോക്താക്കൾക്ക് പി.വി.സി. വാട്ടർ ടാങ്ക് വാങ്ങി നല്കുന്നതിനാണ് പ്രസ്തുത പദ്ധതി ആവിഷ്കരിച്ചത്. ആകെ 92 വാട്ടർ ടാങ്കുകൾ വിതരണം ചെയ്തെങ്കിലും 48 എണ്ണത്തിന്റെ പൂർണ തുകയും (104400+34800) 31 എണ്ണത്തിന്റെ ഗുണഭോക്തൃ വിഹിതവും (₹22,475) മാത്രമാണ് തൻവർഷം ചെലവഴിക്കാനായത്.

ഈ പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചതിൽ ലഭിച്ച ടെണ്ടറുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| **ടെണ്ടർ സമർപ്പിച്ച സ്ഥാപനം** | **തരം** | **തുക ₹** |
|---|---:|---:|
| അരുൺ പോളിമേഴ്സ്, മധുര | 3 ലയർ | 2450 |
| സെൽസർ പോളിമേഴ്സ്, തൃശ്ശൂർ | 3 ലയർ | 3000 |
| ഡൂവെൽ പോളിമേഴ്സ്, കലയന്താനി | മൾട്ടി ലെയർ | 2900 |
| മരിയ ട്രേഡിംഗ് കമ്പനി, ഇടുക്കി | 3 ലയർ | 2850 |

ടെണ്ടർ സമർപ്പിച്ച സ്ഥാപനങ്ങളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ അരുൺ പോളിമേഴ്സ്, മധുര എന്ന സ്ഥാപനത്തെ മറികടന്ന് ഉയർന്ന നിരക്ക് രേഖപ്പടുത്തിയ ഡൂവെൽ പോളിമേഴ്സ്, കലയന്താനി എന്ന

സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചിരിക്കുന്നു. ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ തുകയേക്കാൾ ₹450/- അധികം രേഖപ്പെടുത്തിയ ടെണ്ടർ അംഗീകരിച്ചാണ് വാങ്ങൽ നടത്തിയിരിക്കുന്നത്.

ഇപ്രകാരം പദ്ധതി നടപ്പാക്കിയതിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1) 28-06-2018-ൽ പ്രസിദ്ധീകരിച്ച ടെണ്ടർ 04-08-2018-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ തുറന്ന് പരിശോധിച്ചതിന് ശേഷം കമ്മിറ്റിയുടെ 1/3 തീരുമാന പ്രകാരം ടെണ്ടർ നോട്ടീസിൽ ആവശ്യപ്പെടാതിരുന്ന, ഗുണനിലവാര പരിശോധനയ്ക്കായി സാമ്പിൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ടെണ്ടറിൽ പങ്കെടുത്ത എല്ലാ സ്ഥാപനങ്ങൾക്കും 19-11-2018-ൽ കത്ത് നൽകി. മുട്ടം ഗവ. പോളിടെക്നിക്കിലെ സാങ്കേതിക വിദഗ്ദരെക്കൊണ്ട് ഗുണനിലവാരം പരിശോധിപ്പിക്കാനും കമ്മിറ്റി തീരുമാനമെടുത്തു.

സാമ്പിൾ ലഭ്യമാക്കിയില്ല എന്ന കാരണത്താലാണ് ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥപാനത്തെ പരിഗണിക്കാതെ ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ ടെണ്ടർ നടത്തുമ്പോൾ പ്രസിദ്ധീകരിച്ച ടെണ്ടർ വ്യവസ്ഥകളിൽ ഏതെങ്കിലും തിരുത്തൽ/അധിക വിവരം ആവശ്യപ്പെടൽ തുടങ്ങിയവയ്ക്ക് ടെണ്ടർ സമർപ്പിക്കുന്നതിന്റെ അവസാന തീയതിക്ക് മുമ്പായി corrigendum പുറപ്പെടുവിക്കുകയോ റീ ടെണ്ടർ നടത്തുകയോ ചെയ്യേണ്ടതാണ്. 2016ലെ സ്റ്റോർ പർച്ചേസ് മാന്വൽ അദ്ധ്യായം 1-2(vi) പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന "Tender should be evaluated in terms of the criteria already incorporated in the tender document, based on which tenders have been received. Any new condition, which was not incorporated in the tender document, should not be brought in to consideration while evaluating the tenders" എന്ന വ്യവസ്ഥ ലംഘിച്ചാണ് കൂടിയ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ അംഗീകരിച്ചിരിക്കുന്നത്.

| ടെണ്ടർ ക്ഷണിച്ചപ്പോൾ ആവശ്യപ്പെട്ട ഗുണനിലവാരം | ടെണ്ടർ തുറന്നതിന് ശേഷം കത്ത് മുഖേന ആവശ്യപ്പെട്ട സംഗതി |
|---|---|
| ഐ.എസ്.ഐ./ഐ.എസ്.ഒ.-മാർക്കുള്ള 500 ലിറ്റർ പി.വി.സി. വാട്ടർ ടാങ്ക് | ടെണ്ടറിൽപങ്കെടുത്ത എല്ലാ സ്ഥാപനങ്ങളും ഗുണനിലവാര പരിശോധനയ്ക്കായി സാമ്പിൾ ഹാജരാക്കുക |

ശുദ്ധിപത്രം പുറപ്പെടുവിക്കുകയോ റീടെണ്ടർ നടത്തുകയോ ചെയ്യാതെ പുതിയ മാനദണ്ഡം/ഗുണനിലവാരം കത്ത് മുഖാന്തിരം ആവശ്യപ്പെട്ടിരിക്കുന്നത് ചട്ട ലംഘനവും ടെണ്ടർ നടപടിയിലെ സുതാര്യത നഷ്ടപ്പെടുത്തുന്ന പ്രവർത്തിയുമാണ്.

2) പദ്ധതി നടത്തിപ്പിൽ മറ്റ് വകുപ്പുകളിലെ സാങ്കേതിക വിദഗ്ദരെക്കൊണ്ട് ഗുണനിലവാരം പരിശോധിപ്പിക്കാൻ ഗവൺമെന്റ്, ഗ്രാമപഞ്ചായത്തിന് അനുമതി/സ്വാതന്ത്ര്യം നല്കിയിട്ടില്ലാത്ത സാഹചര്യത്തിൽ മുട്ടം ഗവ. പോളിടെക്നിക്കിലെ ഉദ്യോഗസ്ഥരെക്കൊണ്ട് ഗുണനിലവാരം പരിശോധിപ്പിച്ചതിന്റെ കാരണം വ്യക്തമല്ല. അവരുടെ സാമ്പിൾ പരിശോധനാ റിപ്പോർട്ടാണെങ്കിലോ തികച്ചും വ്യക്തതയില്ലാത്തതാണ്. രണ്ട് സ്ഥാപനങ്ങൾ (സ്ഥാപന വിശദാംശങ്ങൾ റിപ്പോർട്ടിലോ ഫയലിലോ ഇല്ല) ഹാജരാക്കിയ സാമ്പിളുകളുടെ ഈട്, ഉറപ്പ്, ഗുണമേന്മ തുടങ്ങിയവ

പരിശോധിച്ചത് എപ്രകാരമാണെന്ന് റിപ്പോർട്ടിലില്ല. തെരഞ്ഞെടുത്ത ടാങ്കിന്റെ ആണെങ്കിൽ തന്നെ, ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരം മികച്ച ടാങ്കാണെന്ന് മാത്രമാണ് റിപ്പോർട്ടിലുള്ളത്. പി.വി.സി. പൈപ്പ്, ടാങ്ക് പോലെയുള്ള ഇനങ്ങളുടെ സാമ്പിളുകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുമ്പോൾ അവയുടെ ബാച്ച് നമ്പർ എടുത്തു പറഞ്ഞ് ആ ബാച്ചിലെ മാത്രമാണെന്ന് ഉറപ്പാക്കി വാങ്ങാനാണ് റിപ്പോർട്ടുകളിൽ പറയേണ്ടത്. പരിശോധന റിപ്പോർട്ടിൽ അത്തരമൊരു പരാമർശമില്ല. പരിശോധന നടന്ന സ്ഥലം, നടത്തിയ രീതി, പരിശോധനയ്ക്ക് പ്രതിഫലം തുടങ്ങിയ യാതൊരു വിശദാംശങ്ങളും ഫയലിൽ ഇല്ല.

കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.11) മറുപടി ലഭ്യമാക്കിയില്ല. ഡ്യൂവെൽ പോളിമേഴ്സിന് ഓർഡർ നല്കുന്നതിന് വേണ്ടി മാത്രമാണ് അധിക മാനദണ്ഡമടക്കമുള്ള നടപടികൾ സ്വീകരിച്ചതെന്ന് സൂചിത അപാകതകളിൽ നിന്ന് വ്യക്തമാണ്. മേൽ പരാമർശിച്ച അപാകതകളാലും ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാലും ചെലവഴിച്ച ₹1,61,675/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 പ്രിന്റിംഗ് ചാർജ് - ടെണ്ടർ ക്ഷണിച്ചില്ല

| ബിൽ നമ്പർ/വൗച്ചർ തീയതി | തുക ₹ |
|---|---|
| 911/18-19/21.2.19 | ₹35,987 |
| 1087/18-19/29.3.19 | ₹96,554 |
| 1092/18-19/30.3.19 | ₹40,860 |
| പ്രോജക്ട് നമ്പർ | എസ്.0001/19 |
| **വകയിരുത്തൽ** | |
| വികസന ഫണ്ട് | ₹1,20,058 |
| തനത്ഫണ്ട് | ₹1,79,942 |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി രൂപീകരണം എന്ന പ്രോജക്ടിൽ വിവിധ പ്രിന്റിംഗ് ജോലികളുടെ ചാർജിനത്തിൽ ₹1,73,401/-ചിലവഴിച്ചിട്ടുണ്ട്. ഇതിൽ ₹1,37,414/-ൽ ജെമിനി ഡിജിറ്റൽ പ്രസ്, തൊടുപുഴ എന്ന സ്ഥാപനത്തിനും ₹35,987/- എക്സലന്റ് പ്രിന്റിംഗ് സെന്റർ, തൊടുപുഴ എന്ന സ്ഥാപനത്തിനും നൽകിയിട്ടുണ്ട്. ആയതിന് ടെണ്ടർ ക്ഷണിക്കാതെ ക്വട്ടേഷൻ അടിസ്ഥാനത്തിൽ പ്രവൃത്തി ഏല്പിക്കുകയാണ് ചെയ്തത്. 08.11.2010ലെ ജി.ഒ.(പി)/259/2010/ത.സ്വ.ഭ.വ. മാർഗ്ഗരേഖ 2 (എ)പ്രകാരം ₹25,000/-ക്ക് മുകളിൽ വരുന്ന

എല്ലാ സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണത്തിന് ടെണ്ടർ നടപടി സ്വീകരിക്കേണ്ടതാണ്. ടെണ്ടർ നടപടികൾ പാലിക്കാതെ തുക ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. ₹1,73,401/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-25 തെരുവ് വിളക്കുകളുടെ പരിപാലനം

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ 2018-19ൽ ₹2,29,732/- വൈദ്യുതി വകുപ്പിൽ ഒടുക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ ഇനം, തരം, എണ്ണം, പ്രവർത്തിക്കുന്നവ, പ്രവർത്തിക്കാത്തവ തുടങ്ങിയ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള രജിസ്റ്റർ പരിപാലിക്കുന്നില്ല. കൂടാതെ, മീറ്ററുകൾ സ്ഥാപിച്ച വിവരവും ലഭ്യമല്ല. അതിനാൽ, തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ അധിക തുക ഒടുക്കേണ്ടി വരുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനും സാധിക്കുന്നില്ല. 12.03.2013-ലെ 65529/ഡി.സി.3/12/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. മീറ്ററിംഗ് സംവിധാനം അടിയന്തിരമായി ഏർപ്പെടുത്താൻ വേണ്ട നടപടി സ്വീകരിക്കേണ്ടതും വൈദ്യുതി ബോർഡുമായി സംയുക്ത പരിശോധന നടത്തി വിവരങ്ങൾ കൃത്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-26 വെള്ളക്കരം സംബന്ധിച്ച്

തൻവർഷം ഗ്രാമപഞ്ചായത്തിൽ വെള്ളക്കരം ഇനത്തിൽ 184 ടാപ്പുകൾക്ക് 4/17 മുതൽ 3/18വരെ പ്രതിമാസം ₹80,500/- നിരക്കിൽ ₹9,66,000/- ഒടുക്കിയിട്ടുണ്ട്. 184 ടാപ്പുകളിൽ പ്രവർത്തിക്കുന്നവ എത്ര, പ്രവർത്തിക്കാത്തവ എത്ര തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കുന്നില്ല. വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തുമായി സംയുക്ത പരിശോധന നടത്തണമെന്ന 28.09.2011ലെ ജി.ഒ.ആർ.ടി./2242/2011/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരമുള്ള നിർദ്ദേശം നാളിതുവരെയും പാലിച്ചിട്ടില്ല. സംയുക്ത പരിശോധന നടത്തി വെള്ളക്കരം അധികമായി ഒടുക്കിയിട്ടുണ്ടെങ്കിൽ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

### 1-27 പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക ഈടാക്കിയിട്ടില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഇളംദേശം ഷോപ്പിങ്ങ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ, എക്സൈസ് റേഞ്ചാഫീസ്, അക്ഷയ സെന്റർ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് വാടക ഈടാക്കുന്നില്ല.

മാവേലി സ്റ്റോറിൽ നിന്നും വാടക ഈടാക്കുന്നത് സംബന്ധിച്ച് സർക്കുലർ നമ്പർ 15289/കെ-1/05/തസ്വഭവ. /തീ.15-07-2006 പ്രകാരം വ്യക്തമായ ഉത്തരവുള്ളതും അതിൻ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യ പ്രകാരം ആരംഭിയ്ക്കുന്ന മാവേലി സ്റ്റോറുകൾക്ക് രണ്ട് വർഷത്തെ വാടക അവയുടെ തനത്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് നൽകാവുന്നതാണ്. അതിനുശേഷം വാടക ഈടാക്കാവുന്നതും സിവിൽ സപ്ലൈസ് കോർപ്പറേഷൻ

നിശ്ചയിച്ച നിരക്കിനേക്കാൾ കൂടുതലാണ് തദ്ദേശ വാടക നിരക്കെങ്കിൽ പരമാവധി 25% വരെ കൂട്ടി വാങ്ങാവുന്നതുമാണ്. പഞ്ചായത്തിലെ മേൽ സൂചിപ്പിച്ച കെട്ടിടങ്ങൾ വാടകയില്ലാതെ പ്രവർത്തിക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി-5ന് വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിത സ്ഥാപനങ്ങളിൽ നിന്ന് വാടക ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## 1-28 മൂല്യ വർദ്ധനം ഡ്രയർ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| **പ്രോജക്ട്** | **S0136/19. മൂല്യ വർദ്ധനം ഡ്രയർ** |
| **അടങ്കൽ ₹3,51,000/-** | ₹3,15,000/- വികസന ഫണ്ട്<br>₹36,000/- ഗുണഭോക്തൃ വിഹിതം |
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | കൃഷി ഓഫീസർ |
| **ആകെ ചെലവ്** | ₹3,50,350/- |
| **ബിൽ നം./തീയതി/തുക** | 6/18-19/ 12.03.2019. ₹3,15,000/- |
| **ചെക്ക് നം./തീയതി/തുക** | 1117/ 12.03.2019. ₹35,350/- (ഗുണഭോക്തൃ വിഹിതം) |

മൂല്യ വർദ്ധനം ഡ്രയർ എന്ന മേൽ പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് 2018-19 വർഷം ₹3,50,350/- ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ₹35,350/- ഗുണഭോക്തൃവിഹിതമായി കർഷകമിത്ര കർഷകദളം എസ്.എച്ച്. ഗ്രൂപ്പിന്റെ പേരിൽ കൃഷി ഓഫീസിൽ സ്വീകരിക്കുകയും ടി തുക പഞ്ചായത്തിൽ ഒടുക്കുകയും ചെയ്തിട്ടുണ്ട്. കാർഷിക ഉല്പന്നങ്ങളുടെ മൂല്യം വർദ്ധിപ്പിച്ച് വിപണനം നടത്തുന്നതിനായി വിഭാവനം ചെയ്ത പദ്ധതിക്കായി ഡ്രയർ യൂണിറ്റ് വാങ്ങി കർഷക സ്വയം സഹായ സംഘത്തിന് നൽകിയിരിക്കുന്നു. 14.02.2018ലെ സ.ഉ.(കൈ)നം.22/2018/തസ്വഭവ. ഉത്തരവിലെ 6.1(8)ൽ സമിതികൾക്കും സംഘങ്ങൾക്കും നൽകാവുന്ന യന്ത്രങ്ങളിൽ ഉൾപ്പെടാത്ത ഇനമാണ് ഡ്രയർ യൂണിറ്റ്. എന്നാൽ ടി പദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയിട്ടില്ല. പദ്ധതി നടത്തിപ്പിൽ പഞ്ചായത്തിന്റെ നിയന്ത്രണവും മേൽനോട്ടവും ഇല്ല. സംഘവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. പ്രസ്തുത പദ്ധതി സംബന്ധിച്ച് ബന്ധപ്പെട്ട ഗ്രാമസഭയിൽ നിന്നും പദ്ധതി നിർദ്ദേശം വന്നിട്ടില്ല. കൂടാതെ ടി പദ്ധതിക്ക് ഡ്രയർ യൂണിറ്റ് വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

ടെണ്ടർ രജിസ്റ്റർ പ്രകാരം ഗ്രീൻ ഗാർഡ് എൻജിനീയറിംഗ്, കട്ടപ്പന എന്ന സ്ഥാപനം മാത്രം ടെണ്ടർ സമർപ്പിച്ചതായി കാണുന്നു. എന്നാൽ ടെണ്ടർ അംഗീകരിച്ചിരിക്കുന്നത് മറ്റൊരു സ്ഥാപനമായ കുട്ടംതടത്തിൽ ട്രേഡേഴ്സ് & മാനുഫാക്ചേഴ്സ്, അണക്കര എന്ന സ്ഥാപനത്തിന്റേതാണ്. സ്റ്റോർ പർച്ചേഴ്സ് മാനുവലിന്റെ വ്യവസ്ഥ (7.42) പ്രകാരം ലഭിച്ച ടെണ്ടറുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തൽ യഥാസമയം നടത്തേണ്ടതാണ്. ഓഡിറ്റ് വേളയിൽ മൂന്ന് ടെണ്ടറുകൾ പരിശോധനയ്ക്ക ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ രണ്ട് ടെണ്ടറുകൾ ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ ഇവ യഥാസമയം ലഭിച്ചതാണെന്ന് ഉറപ്പാക്കുവാൻ കഴിയുന്നില്ല. ലഭ്യമാക്കിയ മൂന്ന് ടെണ്ടറുകളിൽ രണ്ടെണ്ണത്തിൽ മാത്രമാണ് ഇ.എം.ഡി. സമർപ്പിച്ചിട്ടുള്ളത്. ടി രണ്ട് സ്ഥാപനങ്ങളുടെ ഉടമകൾ യഥാക്രമം ശ്രീ. ബിജോയ്, കുട്ടംതടത്തിൽ, ശ്രീമതി. ഷാന്റി ബിജോയ്, കുട്ടംതടത്തിൽ എന്നിങ്ങനെയുള്ള ഒരേ മേൽവിലാസത്തിലുള്ളതാണ്. ടെണ്ടർ രജിസ്റ്റർ യഥാവിധി പരിപാലിക്കാത്തിനാൽ ടെണ്ടർ നടപടിയിലെ സുതാര്യതയും വിശ്വാസ്യതയും നഷ്ടപ്പെട്ടിരിക്കുന്നു.

പദ്ധതിയുടെ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6) മറുപടിയായി പദ്ധതി നടത്തിപ്പിലെ അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിക്കാതെ നടപ്പാക്കിയ പദ്ധതിയുടെ മേൽ അപാകതകൾ പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്. ₹3,15,000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 പദ്ധതി രൂപികരിക്കാതെ തനത് ഫണ്ടിൽ നിന്നും വാങ്ങലുകൾ നടത്തിയത്

2018-19 വർഷം പദ്ധതി രൂപീകരിക്കാതെ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്ത് വാങ്ങലുകൾ നടത്തിയിട്ടുണ്ട് 08.11.2010ലെ ജി.ഒ.(പി)259/2010/ത.സ്വ.ഭ.വ. മാർഗ്ഗരേഖ 2(എ) പ്രകാരം ₹25,000/-യ്ക്ക് മുകളിൽ വരുന്ന എല്ലാ സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണത്തിന് ടെണ്ടർ നടപടി സ്വീകരിക്കേണ്ടതാണെന്നിരിക്കെ പ്രസ്തുത പ്രവർത്തികൾക്ക് ടെണ്ടർ ക്ഷണിക്കാതെ ക്വട്ടേഷൻ അടിസ്ഥാനത്തിൽ പ്രവൃത്തി ഏല്പിക്കുകയാണ് ചെയ്തത്. ആയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**1) വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന്റെ പൊതു ശ്മശാനത്തിൽനിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചത്**

**വൗച്ചർ നം. - 21800213/08.06.2018 ₹69,000/-**

**നിർവ്വഹണം – സെക്രട്ടറി**

വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന്റെ പൊതു ശ്മശാനം ജനവാസം ഇല്ലാത്ത സ്ഥലത്തായതിനാൽ സാമൂഹ്യവിരുദ്ധരുടെ ശല്യം മൂലം കേടുപാടുകൾ ഉണ്ടാകുമെന്നതിനാൽ നിരീക്ഷണ സംവിധാനം ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് ക്രിമറ്റോറിയം കീപ്പർ 01.04.2018ൽ നല്കിയ അപേക്ഷ പരിഗണിച്ച് 12.04.2018ൽ തന്നെ സെക്രട്ടറി നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് അംഗീകൃത വിതരണക്കാരിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു. ക്രിമറ്റോറിയം കീപ്പർ നല്കിയ അപേക്ഷ പഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്യാതെ ക്വട്ടേഷൻ ക്ഷണിക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല. 11.04.2018ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 13(1) നമ്പർ തീരുമാന പ്രകാരം

4 നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് 3-ജി കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചു. എന്നാൽ 8 നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുകയും ₹69,000/- (ബിൽ നം. 212/18-19, തീ. 08.06.2018) 3-ജി കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിന് നല്കുകയും ചെയ്തു. നാല് നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നല്കിയപ്പോൾ 8 നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം. 10ന് മറുപടി നല്കിയിട്ടില്ല. മേൽ കാരണങ്ങളാൽ ₹69,000/-ന്റെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**2) <u>പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, മറ്റ് ഭരണ സമിതി അംഗങ്ങൾ എന്നിവരുടെ ക്യാബിനുകളിൽ കസേര വാങ്ങൽ</u>**

**വൗച്ചർ നം. – 217005721/27.09.2018 ₹80,400**

**ചെക്ക് നം. – 2331029/29.09.2018**

**നിർവ്വഹണം – സെക്രട്ടറി**

10.07.18ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റിയുടെ 13(1) നമ്പർ തീരുമാനപ്രകാരം പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, മറ്റ് ഭരണ സമിതി അംഗങ്ങൾ എന്നിവരുടെ ക്യാബിനുകളിൽ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് കസേര വാങ്ങാൻ തീരുമാനിച്ചു. ആയതിൻ പ്രകാരം 10.07.2018ൽ തന്നെ ക്വട്ടേഷൻ ക്ഷണിച്ചു. 15.07.2018ൽ ചേർന്ന പഞ്ചായത്ത് പർച്ചേസ് കമ്മിറ്റി, പഞ്ചായത്തിൽ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ പ്രഖ്യാപനം നടത്തുന്നതിന് ബഹു. ത.സ്വ.ഭ. വകുപ്പ് മന്ത്രി 16.07.2018ൽ എത്തുന്ന സാഹചര്യത്തിൽ ലഭിച്ച 3 ക്വട്ടേഷനുകളിൽ കുറവ് രേഖപ്പെടുത്തിയ ഓറിയന്റൽ ഫർണിച്ചർ മാർട്ടിൽ നിന്നും അടിയന്തിരമായി കസേര വാങ്ങുന്നതിന് തീരുമാനിച്ചു. 13.08.2018ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റിയുടെ 10(1) നമ്പർ തീരുമാന പ്രകാരം കുറഞ്ഞ ക്വട്ടേഷൻ രേഖപ്പെടുത്തിയ ഓറിയന്റൽ ഫർണിച്ചർ മാർട്ടിൽ നിന്നും കസേര വാങ്ങിയ നടപടി അംഗീകരിച്ചു.

23 കസേരകളുടെ വിലയായ ₹80,400/- (ബിൽ നം. 505/18-19 തീ. 27.09.2018) പ്രകാരം സ്ഥാപനത്തിന് നല്കുകയും ചെയ്തു. കൃത്യമായി ആസൂത്രണം ചെയ്ത് പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങി നടപ്പാക്കേണ്ട പദ്ധതിയിൽ വാങ്ങൽ പ്രക്രിയയിൽ പുലർത്തേണ്ട നടപടി ക്രമങ്ങൾ പോലും നടപ്പാക്കാതെ നേരിട്ട് വാങ്ങൽ നടത്തിയതിനാൽ ₹80,400/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-30 പ്രയർ പിരീഡ് ഇനത്തിൽ ഉൾപ്പെടുത്തി വാടക ഒഴിവാക്കിയിരിക്കുന്നു

വാർഷിക കണക്ക് I-18 പ്രയർ പിരീഡ് ഗണത്തിൽ വാടകയിനത്തിൽ 280600101 എന്ന ഹെഡിൽ ഉൾപ്പെടുത്തി ₹1,500/- ഒഴിവാക്കിയിട്ടുണ്ട്. ആയതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി-5ന് മറുപടി ലഭ്യമാക്കിയിട്ടില്ല.വാടക തുക ഒഴിവാക്കിയത് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

### 1-31 പൂമാല-ഞണ്ടിറുക്കി മിനി ജലവൈദ്യുത പദ്ധതി - ലക്ഷ്യം കൈവരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 219/19 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | ₹1,00,000/- (തനത് ഫണ്ട്) |
| ബിൽ നമ്പർ | 868/18-19, തീ. 05.02.2019, ₹4,340/- |
| ബിൽ നമ്പർ | 869/18-19, തീ. 05.02.2019 ₹21,500/- |

വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് 8-ാം വാർഡിൽ പൂമാല-ഞണ്ടിറുക്കി വെള്ളച്ചാട്ടം കേന്ദ്രീകരിച്ച് മിനി ജലവൈദ്യുത പദ്ധതിയും ടൂറിസം പദ്ധതിയും നടപ്പാക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് ഇത്. പഞ്ചായത്ത് കമ്മിറ്റിയുടെ 30.06.2018ലെ 17(1) നമ്പർ തീരുമാന പ്രകാരം ഞണ്ടിറുക്കി വെള്ളച്ചാട്ടത്തിൽ മിനി ജലവൈദ്യുത പദ്ധതിയും ടൂറിസം പദ്ധതിയും നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് നൽകുന്നതിന് തയ്യാറായിട്ടുള്ള വ്യക്തി/സംഘടന/ സ്ഥാപനങ്ങളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നതിന് തീരുമാനിച്ചു. ഇതനുസരിച്ച് ശ്രീമതി. ആനി ജി., റിട്ടയേർഡ് സൂപ്രണ്ടിംഗ് എഞ്ചിനീയർ, ജല വിഭവ വകുപ്പ്, താല്പര്യപത്രം സമർപ്പിച്ചു. പഞ്ചായത്ത് കമ്മിറ്റിയുടെ 10.07.2018ലെ 18(1) നമ്പർ തീരുമാന പ്രകാരം മേൽ പ്രോജക്ട് സംബന്ധിച്ച് ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കുന്നതിന് ശ്രീമതി. ആനി ജി.-യുടെ താല്പര്യപത്രം അംഗീകരിച്ചു. പ്രോജക്ട് സംബന്ധിച്ച് ഫീസിബിലിറ്റി റിപ്പോർട്ട് 11.02.2019ൽ തയ്യാറാക്കി പഞ്ചായത്തിൽ സമർപ്പിച്ചിട്ടുള്ളതാണ്. ആയതിന് ശ്രീമതി. ആനിക്ക് ₹21,500/- നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഫിസിബിലിറ്റി റിപ്പോർട്ട് പഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്യുകയോ എന്തെങ്കിലും തുടർ പ്രവർത്തനങ്ങൾ നടത്തുകയോ ചെയ്തിട്ടില്ല.

പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി തൊടുപുഴ സ്റ്റേഷന്റെ 1996 മുതൽ 2010 വരെയുള്ള ഡിസ്ചാർജ് ഡേറ്റയും മലങ്കര റെയിൻ ഗേജ് സ്റ്റേഷനിലെ 2007 മുതൽ 2018 വരെയുള്ള റെയിൻഗേജ് ഡേറ്റയും ലഭ്യമാക്കുന്നതിനുവേണ്ടി ₹4,340/- 08.02.2019ൽ ട്രഷറിയിൽ ഒടുക്കി (0701-80-106 വാട്ടർ പവർ എന്ന ഹെഡിൽ) ചീഫ് എഞ്ചിനീയർ, പര്യവേഷണവും രൂപകല്പനയും, തിരുവനന്തപുരം എന്ന പേരിൽ അയച്ചുകൊടുത്തിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ പ്രസ്തുത ഡേറ്റ പഞ്ചായത്തിൽ ലഭ്യമായിട്ടില്ല. ആയതിനാൽ ₹4,340/-ന്റെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഞണ്ടിറുക്കി വെള്ളച്ചാട്ടത്തിൽ ജൂൺ മുതൽ ഡിസംബർ വരെ ആറ് മാസ കാലയളവിൽ മാത്രമാണ് ജലലഭ്യത. **436 ലക്ഷം** രൂപ ചെലവ് വരുന്ന പദ്ധതി ഒരു ഗ്രാമപഞ്ചായത്തിന് നടപ്പിലാക്കാൻ സാധിക്കുകയില്ല. ഈ സാഹചര്യത്തിൽ മേൽ പദ്ധതിയുടെ ഫീസിബിലിറ്റി സ്റ്റഡി നടത്തിയതും പദ്ധതിക്കായി ചെലവഴിച്ച തുകയും പാഴ് ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു.

### 1-32 മാന്വൽ രസീത് തുകകൾ സഞ്ചയ-യിൽ രേഖപ്പെടുത്തുന്നതിലെ അപാകതകൾ

പരമ്പരാഗത രസീതുപയോഗിച്ചാണ് നിലവിൽ ക്യാമ്പ് കളക്ഷൻ, ഔട്ട് ഡോർ കളക്ഷൻ, സാംഖ്യ പ്രവർത്തനരഹിതമാകുമ്പോൾ ഓഫീസിൽ പണം സ്വീകരിക്കൽ എന്നിവ നടത്തുന്നത്. ഇപ്രകാരം മാന്വൽ ആയി പിരിച്ചെടുക്കുന്ന തുകകൾ പിരിച്ചെടുത്ത പഞ്ചായത്ത് ജീവനക്കാരന്റെ പേരിൽ ഒറ്റത്തുകയായി സാംഖ്യയിൽ വരവ് വെയ്ക്കുകയും പിന്നീട് സഞ്ചയ-യിൽ ഓരോ കെട്ടിട നമ്പരിനും നേരെ വസ്തു നികുതി വരവ് വെയ്ക്കുകയും ചെയ്യുന്നു. ഇപ്രകാരം വരവ് വെയ്ക്കുമ്പോൾ പിശകുകൾ സംഭവിക്കുന്നുണ്ട്. പരിശോധനയിൽ കണ്ടെത്തിയവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | രസീത് നം. | രസീത് നമ്പർ പ്രകാരമുള്ള തുക ₹ | സഞ്ചയ-യിൽ വരവ് വച്ച തുക ₹ | കൂടുതൽ ₹ | കുറവ് ₹ | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 45514/18/ 28.02.19 | 15 | 205 | 190 | 0 | |
| 2 | 7878/89/ 20.021.9 | 2360 | 2355 | 0 | 5 | |
| 3 | 7878/90/ 20.021.9 | 399 | 394 | 0 | 5 | |
| 4 | 7874/89/ 20.12.18 | 243 | 121 | 0 | 122 | |
| 5 | 7873/77/ 16.02.19 | 79 | 1316 | 1237 | 0 | |
| 6 | 7873/88/ 20.02.19 | 42 | 72 | 30 | 0 | |
| 7 | 7873/94/ 22.02.19 | 386 | 786 | 400 | 0 | |
| 8 | 7876/55/ 13.12.18 | 286 | 240 | 0 | 40 | |
| 9 | 45513/17/ 27.02.19 | 366 | 252 | 0 | 114 | |
| 10 | 45513/24/ 07.03.19 | 508 | 596 | 88 | 0 | |

| | | | | | | |
|---|---|---|---|---|---|---|
| 11 | 45513/40/ 22.03.19 | 851 | 1276 | 425 | 0 | കെട്ടിട നമ്പർ 3/26 എന്നതിന് 3/26A എന്ന് സഞ്ചയ-യിൽ ചേർത്തു |
| 12 | 45513/41/ 22.03.19 | 1276 | 901 | 0 | 375 | കെട്ടിട നമ്പർ 3/26 A എന്നതിന് 3/26 B എന്ന് സഞ്ചയ-യിൽ ചേർത്തു |
| 13 | 45513/44/ 28.03.19 | 15 | 20 | 5 | 0 | |
| 14 | 45513/47/ 28.03.19 | 13 | 19 | 6 | 0 | |
| 15 | 45513/48/ 28.03.19 | 20 | 28 | 8 | 0 | |
| 16 | 45513/49/ 28.03.19 | 24 | 34 | 10 | 0 | |
| 17 | 45513/50/ 30.03.19 | 720 | - | 0 | 720 | |
| 18 | 45513/51/ 30.03.19 | 510 | 720 | 210 | 0 | കെട്ടിട നമ്പർ, ഉടമസ്ഥന്റെ പേര് എന്നിവ തെറ്റായി സഞ്ചയ-യിൽ ചേർത്തു |
| 19 | 45513/53/ 30.03.19 | 115 | 175 | 60 | 0 | |
| 20 | 45513/58 | തുക ഈടാക്കാത്ത, റദ്ദാക്കിയ രസീത് | 320 | 320 | 0 | കെട്ടിട നമ്പർ, ഉടമസ്ഥന്റെ പേര് എന്നിവ സഞ്ചയ-യിൽ ചേർത്തിട്ടുണ്ട്. |

രസീത് പ്രകാരമുള്ള വരവുകൾ കൃത്യമായി സഞ്ചയ-യിൽ വരവ് വെയ്ക്കുന്നുണ്ടെന്ന് മേൽനോട്ട ചുമതലയുള്ള

ഉദ്യോഗസ്ഥർ പൊതുവിലും കാഷ്യർ പ്രത്യേകിച്ചും പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. വസ്തു നികുതി ഔഡ് ഡോർ കളക്ഷൻ സഞ്ചയ-യിൽ വരവ് രേഖപ്പെടുത്തിയതിൽ ഉണ്ടായിട്ടുള്ള അപാകതകൾ വിശദമായി പരിശോധിച്ച് പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അപാകതകൾ ഉണ്ടാതാനുണ്ടായ സാഹചര്യം വിശദീകരിക്കുകയും ചെയ്യേണ്ടതാണ്.

### 1-33 വിവിധോദ്ദേശ ഗ്രാന്റുകൾ ചെലവഴിച്ചിട്ടില്ല

ശുചിത്വ മിഷൻ, ഐ.സി.ഡി.എസ്. എന്നിവയ്ക്കായി മുൻ വർഷങ്ങളിൽ ലഭിച്ചതുൾപ്പെടെയുള്ള തുകകളിൽ 2018-19ൽ ചെലവഴിച്ച തുക കിഴിച്ച് 31.03.2019 യഥാക്രമം ₹20,54,030/-യും ₹11,71,114/-യും അവശേഷിക്കുന്നു. സർക്കാർ നിർദ്ദേശം പാലിച്ച് മേൽ തുകകൾ വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

### 1-34 അംഗൻവാടികളുടെ നിർമ്മാണം - പ്രവൃത്തി പൂർത്തീകരിച്ചില്ല

[Next]

***നിർവ്വഹണം : സെക്രട്ടറി***

ഇളംദേശം ലക്ഷംവീട് കോളനി അങ്കണവാടിക്ക് കെട്ടിട നിർമ്മാണം (പ്രോ. നം.110/19) വെള്ളിയാമറ്റം അംഗൻവാടി കെട്ടിട നിർമ്മാണം 112/19 എന്നിവയ്ക്കായി കേരള പൊതുമരാമത്ത് വകുപ്പിൽ ₹5,80,000/- വീതം ഒടുക്കിയിരിക്കുന്നു.

ആയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**ഇളംദേശം ലക്ഷംവീട് കോളനി അങ്കണവാടി**

***ബിൽ നം. 38/17.11.2018 ₹2,30,000/-***

***ചെ. നം. 57800833/10.01.2019 – ₹3,50,000/- ജില്ലാപഞ്ചായത്ത് വിഹിതം***

**വെള്ളിയാമറ്റം അങ്കണവാടി കെട്ടിട നിർമ്മാണം**

***ബിൽ നം. 31/23.11.2018 ₹5,80,000/-***

നാളിതുവരെയായി പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ ഈ രണ്ട് പ്രവൃത്തികളിലുമായി ആകെ ചെലവഴിച്ച ₹11,60,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-35 ലൈഫ് ഭവന പദ്ധതി - തത് സ്ഥിതി വിവരം

ലൈഫ് പദ്ധതിയിൽ കരാർ ചമച്ചതിൽ 48 പേർ ഭവന നിർമ്മാണം ആരംഭിച്ചു. വി.ഇ.ഒ. നിർവഹണ ഉദ്യോഗസ്ഥയായ ഈ പദ്ധതിയിലൂടെ ധനസഹായമനുവദിച്ചതിൽ പൂർത്തീകരിച്ച ഘട്ടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| നിർമ്മാണ ഘട്ടം | പൊതു വിഭാഗം | എസ്.സി | എസ്.റ്റി |
|---|---|---|---|
| തറ നിർമാണം | 14 | 0 | 5 |
| ഭിത്തി നിർമാണം | 8 | 2 | 2 |
| മേൽക്കൂര നിർമാണം | 1 | 0 | 0 |
| പൂർത്തീകരണം | 14 | 2 | |
| ആകെ | 37 | 4 | 7 |

പദ്ധതിക്ക് വേണ്ടി തൻവർഷം ലഭിച്ചതും ചെലവഴിച്ചതുമായ വിവിധ ഫണ്ടിനങ്ങളുടെ വിഭാഗം തിരിച്ചുള്ള വിശദാംശങ്ങൾ :-

| ഇനം | | വികസന ഫണ്ട് ₹ | ബ്ലോക്ക് പഞ്ചായത്ത് വിഹിതം ₹ | ജില്ലാപഞ്ചായത്ത് വിഹിതം ₹ | തനത് ഫണ്ട് ₹ | മറ്റിനം |
|---|---|---|---|---|---|---|
| പൊതു വിഭാഗം | വകയിരുത്തിയത് | 3453495 | 685054 | 1234680 | 247339 | 18920000 |
| | ചെലവഴിച്ചത് | 3441047 | 635098 | 1233972 | 83119 | 3690930 |
| പട്ടികജാതി വിഭാഗം | വകയിരുത്തിയത് | 800000 | 104836 | | 90000 | 1980000 |
| | ചെലവഴിച്ചത് | 305000 | 95000 | | | |
| പട്ടികവർഗ്ഗ വിഭാഗം | വകയിരുത്തിയത് | 1647983 | 921599 | | 85251 | 5500000 |
| | ചെലവഴിച്ചത് | 826092 | 520000 | | | |

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഭരണസമിതിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഇലക്ട്രിക്കൽ ജോലികൾ അപാകതകൾ.

തൻവർഷം പഞ്ചായത്ത് നടപ്പാക്കിയ ഇലക്ട്രിക്കൽ പ്രവൃത്തികൾ പിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

സ.ഉ.(ആർ.ടി)നം.2878/2015/തസ്വഭവ. പ്രകാരം ഇലക്ട്രിക്കൽ ജോലികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, മേൽനോട്ടം നടത്തുക, അളവെടുക്കുക, ബിൽ തയ്യാറാക്കുക എന്നീ ജോലികൾക്കായി ജില്ല അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കുന്ന സമിതിയിൽ നിന്ന് ഒരു അസി. എഞ്ചിനീയറുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടതിന് ശേഷം മാത്രമാണ് ഇത്തരം ജോലികൾ ചെയ്യുന്നതിനായി ഇവരെ ചുമതലപ്പെടുത്തേണ്ടത്. എന്നാൽ ഇത്തരത്തിലുള്ള കരാർ തയ്യാറാക്കാതെയാണ് ജോലികൾ നടത്തിയിരിക്കുന്നത്. കൂടാതെ സാങ്കേതികാനുമതി നൽകുന്നതിനുള്ള പരിശോധന നടത്തുക, ചെക്ക്മെഷർ ചെയ്യുക എന്നീ ജോലികൾ നടത്തുന്നതിനും ഇത്തരത്തിലുള്ള സമിതി രൂപീകരിച്ചിട്ടുണ്ട്. ഇവരിൽ നിന്ന് ടേംസ് ഓഫ് റഫറൻസ് നൽകി സമ്മതപത്രം വാങ്ങേണ്ടതാണ്. ആയതും തയ്യാറാക്കിയിട്ടില്ല.
മേൽ ഉത്തരവ് പ്രകാരം ബില്ല് തയ്യാറാക്കേണ്ടത് കരാർ അടിസ്ഥാനത്തിലുള്ള അസി. എഞ്ചിനീയർ ആണെങ്കിലും തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെ ബില്ല് തയ്യാറാക്കിയിരിക്കുന്നത് പഞ്ചായത്തിൽ നിന്നാണ്.

തൻവർഷം പഞ്ചായത്ത് നടപ്പാക്കിയ എല്ലാ ഇലക്ട്രിക്കൽ പ്രവർത്തികളിലും ടെണ്ടർ കുറവ് പരിഗണിക്കാതെ ബിൽ തയ്യാറാക്കിയതിനാൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. കാര്യമായ നഷ്ടം സംഭവിച്ചവയുടെ വിവരം മാത്രം താഴെ ചേർക്കുന്നു.

**1. പൂച്ചപ്ര ഗവ.എൽ.പി സ്കൂൾമെയിന്റനൻസ്.**

| | |
|---|---|
| **നിർവ്വഹണം** | സെക്രട്ടറി |
| **പ്രോജക്ട് നം, അടങ്കൽ** | 118/19, ₹2,80,000/- |
| **ബിൽ നം. തുക** | 46/21.12.18 ₹2,40,464/- |
| **കരാറുകാരൻ** | രമേശ് കെ 14.12% below |
| **എസ്റ്റിമേറ്റ് തുക** | ₹2,80,000/-<br>(പ്രവൃത്തിക്ക് വേണ്ടിയുള്ള അടങ്കൽ – ₹2,69,133.50<br>എഞ്ചിനീയറിംഗ് ഫീസ് 4% - ₹10,765.00<br>അനാമത്ത് - ₹101.50) |

ഈ പ്രവൃത്തിയുടെ ആകെ ആളവ് മൂല്യം ₹2,62,979/- ആണെങ്കിലും ആയത് ലിമിററ് ചെയ്ത് ₹2,40,454/- കണക്കാക്കി തുക അനുവദിച്ചിരിക്കുന്നു. 14.12% ടെണ്ടർ കുറവ് പ്രകാരം ഈ പ്രവൃത്തിക്ക് കണക്കാക്കി നൽകാവുന്ന തുക. ₹2,62,979-(262979x14.12/100) = ₹2,25,846.36.

ഈ പ്രവൃത്തിക്ക് ആകെ അനുവദിക്കാവുന്ന തുക താഴെപ്പറയും പ്രകാരമാണ്.

| | |
|---|---|
| കരാറുകാരന് നൽകാവുന്ന തുക (നികുതികൾ ഉൾപ്പെടെ) | 225846.00 |
| എഞ്ചിനീയറുടെ ഫീസ് - എസ്റ്റിമേറ്റ് തയ്യാറാക്കുക, ,മേൽനോട്ടം നടത്തുക, അളവെടുക്കുക(എസ്റ്റിമേറ്റിൽ പ്രവൃത്തിക്ക് വേണ്ടി വകയിരുത്തിയ തുകയുടെ 3%) | 8074.00 |
| എഞ്ചിനീയറുടെ ഫീസ്-ചെക്ക് മെഷർമെന്റ് (എസ്റ്റിമേറ്റിൽ പ്രവൃത്തിക്ക് വേണ്ടി വകയിരുത്തിയ തുകയുടെ 1%) | 2691.00 |
| **ആകെ** | **236611.36** |

മേൽ ബിൽ പ്രകാരം ₹2,40,464/- പിൻവലിച്ചതിൽ എഞ്ചിനീയറിംഗ് ഫീസ്, നികുതികൾ എന്നിവ കുറവ് ചെയ്തതിന് ശേഷം കരാറുകാരന് ₹2,24,889/- നൽകിയിരിക്കുന്നു. ടെണ്ടർ കുറവ് പരിഗണിക്കാത്തതിനാൽ അധികം നൽകിയ (240464-236611) ₹3,853/-യുടെ ചെലവ് അംഗീകരിക്കുന്നില്ല.

**2. ഗ്രാമീണ വൈദ്യുതികരണം – അധിക തുക നൽകി**

വിവിധ വാർഡുകളിലായി 7 മിനി ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| **നിർവ്വഹണം** | സെക്രട്ടറി |
| **പ്രോജക്ട് നം.** | 190/18, 157/19 |
| **ബിൽ നം./തുക** | 9/17.05.18 ₹9,98,222/- |
| **അളവ് ബുക്ക് നം.** | 10/2017-18 |

29 ഇനങ്ങൾ ഉൾപ്പെട്ടിരുന്ന ഈ പദ്ധതി ഇ-ടെണ്ടർ മുഖേനയാണ് നടപ്പാക്കിയത്. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കെ.എ. ഷാജഹാൻ റിസാഫ് ലൈറ്റിംഗ് സൊല്യൂഷൻസ്, ഇടവെട്ടി, തൊടുപുഴ ആണ് പദ്ധതിയുടെ കരാർ ഏറ്റെടുത്ത് നടപ്പാക്കിയത് . ഇനം ക്രമത്തിൽ നിരക്കുകൾ രേഖപ്പെടുത്തിയ ടെണ്ടർ പ്രകാരമുള്ള ആകെ തുക ₹9,59,761/-യാണ്. മേൽ ബില്ല് പ്രകാരം പിൻവലിച്ച ₹9,98,222/-യിൽ ₹9,59,761/- കരാറുകാരനും എസ്റ്റിമേറ്റ് തയ്യാറാക്കുക മേൽനോട്ടം, അളവ് തയ്യാറാക്കുക, ചെക്ക് മെഷർ ചെയ്യുക എന്നീ ജോലികൾക്ക് എഞ്ചിനീയറിംഗ് ഫീസായി ₹ 38,461/-യും നൽകിയിരിക്കുന്നു.

പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

**എ) ചെയ്യാത്ത പ്രവൃത്തിക്കായി തുക അനുവദിച്ചിരിക്കുന്നു**

എസ്റ്റിമേറ്റിലെ ക്രമ നം. 28പ്രകാരമുള്ള ഇനം - supply and providig Twin dome Aviation and Obstruction light LED type- എന്നതാണ്. ₹4,855/- നിരക്കിൽ ₹33,985/- വകയിരുത്തിയിരുന്നു. 7 ഹൈമാസ്റ്റ് ലൈറ്റുകൾക്കും പ്രസ്തുത ലൈറ്റ് സ്ഥാപിക്കേണ്ടതുണ്ട്. അളവ് ബുക്ക് പ്രകാരം പ്രസ്തുത ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നേരിട്ട് നടത്തിയ പ്രാദേശിക പരിശോധനയിൽ പ്രസ്തുത ലൈറ്റുകൾ സ്ഥാപിച്ചിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട്. പ്രദേശികമായി നടത്തിയ അന്വേഷണത്തിലും പ്രസ്തുത ലൈറ്റുകൾ സ്ഥാപിച്ചിട്ടില്ലായിരുന്നു എന്ന് ബോദ്ധ്യപ്പെട്ടു. 8 മീറ്റർ മാത്രം ഉയരമുള്ള ഹൈമാസ്റ്റ് ലൈറ്റുകൾക്ക് പ്രസ്തുത ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിന്റെ ആവശ്യകത വ്യക്തമല്ല. ആവശ്യമില്ലാത്ത ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയും ചെയ്യാത്ത ഇനങ്ങൾ അളവ് ബുക്കിൽ ഉൾപ്പെടുത്തുകയും ചെയ്യാനിടയായത് ശരിയായ രീതിയിൽ പരിശോധന നടത്താത്തതുമൂലമാണ്. എസ്റ്റിമേറ്റ് തയ്യാറാക്കുക, മേൽനോട്ടം, അളവ് എടുക്കുക, ചെക്ക് മെഷർ ചെയ്യുക എന്നീ ജോലികൾ നടത്തുന്ന DLTCE അംഗങ്ങളായ എഞ്ചിനീയർമാർ ഇക്കാര്യത്തിൽ ഗുരുതരമായ വീഴ്ചയാണ് വരുത്തിയിരിക്കുന്നത്. ചെയ്യാത്ത ഇനത്തിന് വേണ്ടി ₹33,985/- കരാറുകാരന് നൽകിയിരിക്കുന്നു. ₹33,985/-യുടെ ചെലവ് അംഗീകരിക്കുന്നില്ല. ചെയ്യാത്ത പ്രവൃത്തി അളവ് ബുക്കിൽ രേഖപ്പെടുത്തൽ നടത്തിയ DLTCE അംഗങ്ങളായ എഞ്ചിനീയർമാരിൽ നിന്ന് ₹33,985/- തിരികെ ഈടാക്കേണ്ടതാണ്.

**ബി) കെ.എസ്.ഇ.ബി.-യിൽ പണം ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കാതെ തന്നെ തുക അനുവദിച്ചിരിക്കുന്നു**

എസ്റ്റിമേറ്റിലെ ഇനം 28 Amount to be deposit with KSEB for availing service connection(actual amount will be reimbursed on production of original document) ആണ്. ഇതിനായി ₹61,950/- വകയിരുത്തിയിരുന്നു. കെ.എസ്.ഇ.ബി. യിൽ തുക ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കുന്നമുറയ്ക്ക് മാത്രം രേഖകളുടെ അടിസ്ഥാനത്തിലുള്ള തുക അളവ് ബുക്കിൽ ഉൾപ്പെടുത്തുന്നതിന് പകരം എസ്റ്റിമേറ്റ് പ്രകാരമുള്ള തുക പൂർണ്ണമായി അളവ് ബുക്കിൽ ഉൾപ്പടുത്തിയിരിക്കുന്നു. കെ.എസ്.ഇ.ബി.-യിൽ തുക ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല, എങ്കിലും തുക അനുവദിച്ചിരിക്കുന്നതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച ₹61,950/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

കൂടാതെ പഞ്ചായത്ത് തൻവർഷങ്ങളിൽ നടപ്പാക്കിയിരിക്കുന്ന പ്രവൃത്തികളിലെല്ലാം തന്നെ ടെണ്ടർ കുറവ് പരിഗണിക്കാതെ അളവ് മൂല്യം എടുത്തതിനാൽ പഞ്ചായത്തിന് ചെറിയ അളവിലുള്ള തുകകൾ വീതം നഷ്ടം സംഭവിച്ചിരിക്കുന്നു. ജില്ലാതലത്തിൽ നിയോഗിച്ചിരിക്കുന്ന സമിതിയിലെ അംഗങ്ങൾ കർത്തവ്യ നിർവ്വഹണത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്താത്തതുമൂലമാണ് ഇത്തരത്തിൽ നഷ്ടം സംഭവിക്കുന്നത് പഞ്ചായത്ത് തൻവർഷം നടത്തിയ ഇലക്ട്രിക്കൽ പ്രവർത്തികൾ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തേണ്ടതാണ്.

**ഭാഗം -4**

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 10.06.2019 – 11.06.2019 | കെ.എസ്.എ.ഐ.ഡി.കെ. 3/520(52)19, തീ. 16-08-2019 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | മുൻവർഷങ്ങൾ | ലഭ്യമല്ല | ലഭ്യമല്ല | | 10788 |
| | 2017-18 | 580000 | അംഗൻവാടി കെട്ടിട നിർമ്മാണം | 0 | 580000 |
| | 2018-19 | 685054 | ലൈഫ്(ജനറൽ) | 635098 | 49956 |
| | | 223382 | ലൈഫ്(എസ്.സി.പി.) | 95000 | 128382 |
| | | 1173182 | ലൈഫ്(റ്റി.എസ്.പി) | 520000 | 653182 |
| | | 100000 | പാൽ സബ്സിഡി | 100000 | 0 |
| | | 200000 | സ്പർശം പാലിയേറ്റീവ് | 200000 | 0 |
| | | 200000 | നെൽകൃഷി | 0 | 200000 |
| | | 132050 | സ്കോളർഷിപ്പ് | 123550 | 8500 |
| | | 350000 | അംഗൻവാടി കെട്ടിട നിർമ്മാണം | 0 | 350000 |
| ജില്ലാപഞ്ചായത്ത് | മുൻവർഷങ്ങൾ | ലഭ്യമല്ല | ലഭ്യമല്ല | | 71261 |
| | 2018-19 | 1234680 | ലൈഫ് | 1233972 | 708 |
| | 2018-19 | 800000 | പാൽ സബ്സിഡി | 800000 | 0 |

ബ്ലോക്ക്പഞ്ചായത്തിൽ നിന്ന്, അംഗൻവാടി കെട്ടിട നിർമ്മാണത്തിന് ലഭിച്ച (2017-18-ൽ ₹5,80,000/-, 2018-19-ൽ ₹3,50,000/-) തുകകൾ നിക്ഷേപ പ്രവർത്തികളായി പൊതുമരാമത്ത് വകുപ്പിന് നൽകിയതാണ്. ഇതുവരെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത പ്രസ്തുത പദ്ധതികൾ, പൂർണമായി തുക ചെലവഴിച്ചെന്ന രീതിയിൽ

ആസ്തിയായി കണക്കിൽ ചേർത്തിരിക്കുന്നത് അപാകതയാണ്. ബ്ലോക്ക്പഞ്ചായത്ത് വിഹിതത്തിന്റെ ₹10,788/-യും ജില്ലാപഞ്ചായത്ത് വിഹിതത്തിന്റെ ₹71,261/-യും മുൻവർഷങ്ങളിലെ നീക്കിബാക്കിയായി അക്കൗണ്ടുകളിലുണ്ട് (തുക ലഭിച്ച വർഷങ്ങൾ വ്യക്തമല്ല).

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| പൊതു മരാമത്ത് വകുപ്പ് | ഇളംദേശം അംഗൻവാടി കെട്ടിട നിർമ്മാണം | ചെക്ക് നം. 57800833/10-01-19 ₹3,50,000/- ബിൽ നം. 38/17-111-19 ₹2,30,000/- | 580000 | 0 | 580000 |
| പൊതു മരാമത്ത് വകുപ്പ് | വെള്ളിയാമറ്റം അംഗൻവാടി കെട്ടിട നിർമ്മാണം | ബിൽ നം. 31/23.11.18 | 580000 | 0 | 580000 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ നീട്ടൽ | ബിൽ നം. 105/12-11-2018 ബിൽ നം. 106/12-11-2018 | 664340 | 0 | 664340 |
| ഭൂജല വകുപ്പ് | കലയന്താനി പി.എച്ച്.സി. സബ് സെന്റർ കുഴൽകിണർ | ബിൽ നം. 68/13-08-2018 | 41020 | 0 | 41020 |
| ഭൂജല വകുപ്പ് | കരിപ്പലങ്ങാട് സ്കൂൾ കുഴൽകിണർ | ബിൽ നം. 10/29-051-2018 | 48420 | 0 | 48420 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹36.90,930/- വരവുണ്ട്. മുൻബാക്കി ഇല്ല. മേൽ സൂചിത തുക പൂർണമായി വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ജവഹർ ഭവന പദ്ധതി | | 21400000 | 14160000 | 1370000 | 2022560 | 12790000 |
| ലൈഫ് ഭവന പദ്ധതി | | 3690930 | 0 | 0 | 0 | 3690930 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23, വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 19 | 1999-2000 | | അലോട്ട്മെന്റ് തുക നഷ്ടപ്പെടുത്തി | തീർപ്പായിട്ടില്ല |
| 1997-98 | 28 | 1999-2000 | | സാധന സാമഗ്രികളുടെ വില അധികം നൽകി | തീർപ്പായിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 1998-99 | 3-24 | 2000-01 | | അനവദനീയമല്ലാത്ത ഹിൽടാക്ക് അലവൻസ് നൽകിയത് | തീർപ്പായിട്ടില്ല |
| 1999-2000 | 3-29 | 2001-02 | | മണൽവാരൽ അവകാശം ലേല തുകയിൽ ഇളവ് നൽകിയത് ക്രമവിരുദ്ധം | തീർപ്പായിട്ടില്ല |
| 2004-05 | 3-7 | 2006-07 | 3, 35(2) | ഓഡിറ്റ് സമയത്ത് വൗച്ചറുകൾ, ഫയലുകൾ, കൈപ്പറ്റ് രസീതുകൾ ഹാജരാക്കിയില്ല | തീർപ്പായിട്ടില്ല |
| 2004-05 | 3-3 | 2006-07 | 3, 35(2) | വിവിധ കാരണങ്ങളാൽ ചെലവ് തടസ്സം | തീർപ്പായിട്ടില്ല |
| 2005-06 | 2-3 | 2009-10 | 2-6 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ വാടകയ്ക്ക് എടുക്കുന്നവരുമായി കരാർ ചമയ്ക്കാത്തത് (വെള്ളിയാമറ്റം പഞ്ചായത്ത് വക കടമുറികൾ) | തീർപ്പായിട്ടില്ല |
| 2006-07 | 3-8 | 2010-11 | 2-14 | ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം (കെ.എസ്ഇ.ബി. ₹5,67,425/-) | തീർപ്പായിട്ടില്ല |
| പ്രത്യേക റിപ്പോർട്ട് പ്രവർത്തന ക്ഷമത റിപ്പോർട്ടുകൾ | | 2013-14 | 5.1.5(8) | 2004-05ൽ ₹2,03,922/- ചെലവഴിച്ച് വിവിധ സ്ഥാപനങ്ങളിലായി സ്ഥാപിച്ച മഴവെള്ള സംഭരണികൾ പ്രവർത്തനക്ഷമമല്ല | തീർപ്പായിട്ടില്ല |
| പ്രത്യേക റിപ്പോർട്ട് പ്രവർത്തന ക്ഷമത റിപ്പോർട്ടുകൾ | | 2013-14 | 5.1.5(11) | 1. ഇറുക്കുപാലം കുടിവെള്ള പദ്ധതിയുടെ മോട്ടോർ പ്രവർത്തിക്കുന്നില്ല. കുടവാക്കയം കുടിവെള്ള പദ്ധതി ജലലഭ്യത കുറവായതിനാൽ 2001-02 മുതൽ പ്രവർത്തിക്കുന്നില്ല. 2001-02ൽ പൂർത്തികരിച്ച കൈക്കമല പദ്ധതി പ്രവർത്തനരഹിതമാണ്<br>2. കുവക്കണ്ടം-അറുത്തടി പാലം കുടിവെള്ള പദ്ധതിയും ഓഞ്ഞുപാറ – ഊഞ്ഞാൽപടി പദ്ധതിയും പൂർത്തിയായിട്ടില്ല<br>3. മുത്തേട്-പതിക്കമല കുടിവെള്ള കിണർപൂർത്തിയായിട്ടില്ല | തീർപ്പായിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | | | | | |
| പ്രത്യേക റിപ്പോർട്ട് പ്രവർത്തന ക്ഷമത റിപ്പോർട്ടുകൾ | | 2013-14 | 5.1.5(2) | വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല | തീർപ്പായിട്ടില്ല |
| പ്രത്യേക റിപ്പോർട്ട് പ്രവർത്തന ക്ഷമത റിപ്പോർട്ടുകൾ | | 2013-14 | 5.1.5(13) | കുടിവെള്ള പദ്ധതികളുടെ ചുമതല കരാർ ചമച്ച് കമ്മറ്റികൾക്ക് കൈമാറിയിട്ടില്ല | തീർപ്പായിട്ടില്ല |
| വിഷയാധിഷ്ഠിത അവലോകനം | | 2017-18 | | ഡെപ്പോസിറ്റ് പ്രവൃത്തികൾ അനുബന്ധം - 5 | നിർവ്വഹണ ഏജൻസിയായ KSEBയുമായി കരാർ ചമച്ചിട്ടില്ല |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം കാണിക്കുന്ന പത്രിക

- ഇല്ല -

ബി) സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം കാണിക്കുന്ന പത്രിക

| വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക ₹ | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക ₹ | കോടതി വ്യവഹാരങ്ങൾ | | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|
| | | | (രസീത് നം/തീയതി) | തുക ₹ | | | | | | | |
| 2004-05 | 3-6 | ശ്രീ. ബിജു പി. മാത്യൂ, കൃഷി ഓഫീസർ | LF-14229/ Spl.Cell. Sc2/ 2007 dated 28.03.2009 | 19536 | ₹19536/- രസീത് നം. 5/51083/ 03.06.10 | | | | | 19536 | 0 |
| 2004-05 | 3-6 | ശ്രീ. റോയി ഐസക്, അസി. എഞ്ചിനീയർ | LF-14229/ Spl.Cell. Sc2/ 2007 dated 28.03.2009 | 5964 | രസീത് നം. 5/51083 / 3.6.2010 ₹5964/- | | | | | 5964 | 0 |
| 2008-09 | 3-4 | ശ്രീ. സജി തോമസ്, സെക്രട്ടറി | LF.23458/12 dated 06.08.2014 | 24080 | | | | | | 24080 | |
| 2009-10 | 3-6 (1,2,3)(P) | ശ്രീ. കെ. രാമചന്ദ്രൻ നായർ, എഞ്ചിനീയർ | LF.22684/14 dated 05.04.2014 | 53243 | | | | | | 53243 | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 2009-10 | 3-6(3) P | ശ്രീ. റോയി ഐസക്ക്, എഞ്ചിനീയർ | LF.22684/14 dated 05.04.2014 | 13361 | | | | | | 13361 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹8,53,62,274 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹6,87,87,789 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹37,838 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹8,65,766 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1(1) | - | 3853 | ശ്രീ. പി. എം. അബ്ദുൾ സമദ്, സെക്രട്ടറി |
| 3-1(2) | - | 33985 | ₹16993/- ശ്രീ. എം. ആർ. ഉദയഭാനു മെമ്പർ, DLTCE<br>₹16992/- ശ്രീ. അബ്രഹാം കെ. എ. മെമ്പർ, DLTCE |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 61950 | ശ്രീ. പി. എം. അബ്ദുൾ സമദ്, സെക്രട്ടറി |
| 1-23 | 161675 | ശ്രീ. അബ്ദുൾ അഫാർ, വി.ഇ.ഒ. |
| 1-24 | 173401 | ശ്രീ. പി. എം. അബ്ദുൾ സമദ്, സെക്രട്ടറി |
| 1-28 | 315000 | ശ്രീമതി. അശ്വതി ദേവ്, കൃഷിഓഫീസർ |
| 1-29 | 149400 | ശ്രീ. പി. എം. അബ്ദുൾ സമദ്, സെക്രട്ടറി |

| | | |
|---|---|---|
| 1-31 | 4340 | ശ്രീ. പി. എം. അബ്ദുൾ സമദ്, സെക്രട്ടറി |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

– ഇല്ല –

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

– ഇല്ല –

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി. എം. അബ്ദുൾ സമദ്<br>സെക്രട്ടറി | സെക്രട്ടറി<br>വെള്ളിയാമറ്റം<br>ഗ്രാമപഞ്ചായത്ത് | പഴേരിയിൽ വീട്<br>ഇടവെട്ടി പി. ഒ.<br>തൊടുപുഴ – 685588 |
| ശ്രീമതി. അശ്വതി ദേവ്<br>കൃഷിഓഫീസർ | കൃഷി ഓഫീസർ<br>വെള്ളിയാമറ്റം | ഹിമ്മൽ 9A/VIII<br>കുടയത്തൂർ പി. ഒ.<br>ഇടുക്കി ജില്ല |
| ശ്രീ. അബ്ദുൾ അഫ്സാർ<br>വി.ഇ.ഒ. | വി.ഇ.ഒ.-2 | പടിഞ്ഞാറേതറയിൽ വീട്<br>കോട്ടുകുളങ്ങര പി. ഒ.<br>കായംകുളം, ആലപ്പുഴ ജില്ല |
| ശ്രീ. എം. ആർ. ഉദയഭാനു<br>മെമ്പർ | മെമ്പർ<br>DLTCE | മഠത്തിപ്പറമ്പിൽ വീട്<br>രാമപുരം പി. ഒ.<br>രാമപുരം |
| ശ്രീ. കെ. എ. എബ്രഹാം<br>മെമ്പർ | മെമ്പർ<br>DLTCE | കിളിച്ചുമലയിൽ വീട്<br>മണക്കാട് പി. ഒ.<br>തൊടുപുഴ |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച | തീർപ്പാക്കിയ | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|

| വർഷം | ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം | |
|---|---|---|---|
| 1994-05<br>1995-96 | എൽ.എഫ്.ഐ.7-758/00/13.03.2001 | 14 | 13,14,15,16,17,18,19,20,<br>21,22,23,24,25,26 |
| 1996-97 | എൽ.എഫ്.ഐ.7-159/99/17.08.1999 | 8 | 32,34,36,37,38,<br>39(2),39(3),39(4) |
| 1997-98 | എൽ.എഫ്.ഐ.7-113/01/05.02.2001 | 2 | 19, 28 |
| 1998-99 | എൽ.എഫ്.ഐ.7-302/00/10.06.2002 | 14 | 20(1),20(2),2(എ),2(ബി),2(സി),<br>22,23,24,25,26,27,28,29,30 |
| 1999-00 | എൽ.എഫ്.ഐ.7-130/01/08.10.2007 | 13 | 23,24,25,26,27,28,<br>29,30,31,32,33,34,35 |
| 2000-01 | കെ.എസ്.എ.-ഐ.ഡി.കെ.-10/746/<br>08/06.06.2018 | 1 | 36 |
| 2004-05 | കെ.എസ്.എ.-ഐ.ഡി.കെ.-10/746/<br>08/06.06.2018 | 2 | 3-3, 3-7 |
| 2005-06 | കെ.എസ്.എ.ഐ.ഡി.കെ-10/746/<br>2018/06.06.2018 | 1 | 2-3 |
| 2006-07 | എൽ.എഫ്.ഐ.8-792/09/15.03.2010 | 13 | 2-1,2-2,2-3,2-4,3-1,3-2, 3-3,3-4,3-5,<br>3-6,3-7, 3-8,3-9,3-10,3-11, 3-12<br>3-13,3-14, 3-15 |
| 2007-08 | എൽ.എഫ്.ഐ.8-824/10/19.02.2010 | 19 | 2-1, 2-2, 3-1,3-2,3-3,3-4, 3-5,<br>3-6, 3-7,3-8,3-9,3-10,3-11,<br>3-12,3-13,3-14, 3-15 |
| 2008-09 | എൽ.എഫ്.ഐ.10-411(എ)/19.10.2011 | 12 | 2-1, 3-1,3-2,3-3,3-4,3-5,<br>3-6,3-7,3-8,3-9,3-10 |
| 2009-10 | എൽ.എഫ്.ഐ.10-411(ബി) 25.10.2011 | 19 | 2-1, 2-2, 3-1,3-2,3-3,3-4,3-5,<br>3-6,3-7,3-8,3-9,3-10,3-11,3-12,<br>3-13, 3-14,3-15,3-16, 3-17 |

| | | | |
|---|---|---|---|
| 2010-11 | എൽ.എഫ്.ഐ.10-624/13/ 26.08.2013/16.12.2013 | 16 | 2-1, 2-2, 2-3,3-1, 3-2, 3-3,3-4,3-5,3-6,3-7,3-8, 3-9,3-10,3-11,3-12, 3-13 |
| 2011-12 | എൽ.എഫ്.ഐ.10-56/14/ 30.04.2014/10.06.2014 | 11 | 2-1,3-1,3-2,3-3,3-4,3-5, 3-6,3-7,3-8,3-9,3-10 |
| 2012-13 | എൽ.എഫ്.ഐ.10-40/15/ 05.02.2015/09.04.2015 | 15 | 2-1,3-1,3-2,3-3,3-4, 3-5,3-6,3-7,3-8,3-9,3-10, 3-11,3-12,3-13, 3-14 |
| 2013-14 | കെ.എസ്.എ.ഐ.ഡി.കെ.-10/1257/ 2015/06.11.2015 | 9 | 2-1, 2-2,3-1,3-2,3-3, 3-4,3-5,3-6,3-7 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ.10/583/ 2016/01.06.2015 | 10 | 2-1, 2-2,3-1,3-2,3-3, 3-4,3-5,3-6,3-7,3-8 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ.10/67/ 2017/18.01.2017 | 14 | 2-2, 3-1,3-2,3-3,3-4, 3-5,3-6,3-7,3-8,3-9, 3-10,3-11,3-12,3-13 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ.10/1434/ 2017/03.11.2017 | 16 | 2-1, 2-2, 2-4, 2-6 3-1,3-2,3-3,3-4, 3-5,3-6,3-7,3-8,3-9,3-10,3-11,3-12 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ. 10/1252/2018/12.11.2018 | 20 | 2-2, 2-3,2-4,2-5 3-1,3-2,3-3,3-4, 3-5,3-6,3-7, 3-8,3-9,3-10,3-11, 3-12,3-14,3-15,3-16,3-17 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**

**അനുബന്ധം – 1**

**ഓഡിറ്റ് സാക്ഷ്യപത്രം**

**നം.കെ.എസ്.എ.ഐ.ഡി.കെ-10/938/19**

സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
Ph:04862-227332
20.11*E-mail:doidk.ksad@kerala.gov.in*

തീയതി: 11.12.2019

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **22.05.2018**ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **ഇടുക്കി** ജില്ലയിലെ **വെള്ളിയാമറ്റം** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ **2018-19**ലെ വാർഷിക ധനകാര്യപത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ഇടുക്കി**

Annexure – 2

## AUDIT CERTIFICATE

No.KSA-IDK-10/938/19

Office of the Senior Deputy Director of
Kerala State Audit Department
District Office, Idukki
Thodupuzha – 685 584
Phone : 04862-227332
*E-mail : doidk.ksad@kerala.gov.in*

Date. 11.12.2019

Certified that I have audited the Annual Financial Statement of **VELLIYAMATTAM** Grama Panchayat in **Idukki** District for the year ended on **31.03.2019** in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Panchayat Raj Act 1994, the rules made under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts in Panchayath Raj Institutions.

In my opinion, the Financial Statements of **VELLIYAMATTAM** Grama Panchayat for the **2018-19**, except the observations in my Audit Report Properly presents the picture of Income and Expenditure.

**ATHOOVALDEPUTY DIRECTOR**
**IDUKKI**